RAMRAJ
കോട്ടൺ
ഇന്ത്യയുടെ സംസ്കാരം

വാല്യം 8 ● ലക്കം 7 ● മാർച്ച് 2026 ● വില: 18 രൂപ

വെണ്മ

മലയാളം മാസിക

പുതിയ കാഴ്ചകൾ

ജീവിതം എന്ന പാഠപുസ്തകം പ്രത്യേക പതിപ്പ്

Available at Ramraj Showrooms And All Leading Textile Shops

RAMRAJ
കോട്ടൺ
ഇന്ത്യയുടെ സംസ്കാരം

ജീവിതത്തിൽ മാധുര്യം പകരുന്ന വഴികൾ പഠിച്ച് ജീവിതത്തിന്
സവിശേഷ മേന്മ സമ്മാനിക്കാൻ സഹായിക്കുന്ന

ജീവിതം എന്ന പാഠപുസ്തകം

പ്രത്യേക പതിപ്പ്

താങ്കൾക്ക് നൽകുന്നതിൽ അഭിമാനമുണ്ട്

വെണ്മ
മാർച്ച് 2026
03

പൂർണത തേടുന്ന അപൂർണ മനുഷ്യർ

പ്രിയരേ,

മനുഷ്യരിൽ ഒളിഞ്ഞിരിക്കുന്ന പൂർണതയെ വെളിയിൽ കൊണ്ടുവരുന്നതാണ് വിദ്യാഭ്യാസം എന്ന് സ്വാമി വിവേകാനന്ദൻ പറയുന്നു. വിദ്യാഭ്യാസം എന്നത് സമ്പാദിക്കാനുള്ള ഒരു മാർഗം എന്നാണ് ഭൂരിപക്ഷവും കരുതുന്നത് എന്ന നിലയ്ക്ക് വിവേകാനന്ദന്റെ ഈ വാക്കുകൾ മനസ്സിൽ വയ്ക്കുന്നത് ഉചിതമായിരിക്കും.

വിദ്യാഭ്യാസം എന്നാൽ പാഠപുസ്തകങ്ങൾ പഠിച്ച് മാർക്ക് വാങ്ങുന്ന സമ്പ്രദായം ആയി ചിലർ ചെറുതായി കാണുന്നു. മനുഷ്യരിൽ ഉറങ്ങിക്കിടക്കുന്ന പൂർണതയെ ഉണർത്താൻ അവിടെ വഴിയില്ല. ശാരീരികാഭ്യാസം ആണ് കുട്ടികളുടെ പഠനത്തിന്റെ ആധാരം. ഓടിയും ചാടിയും കളിക്കുമ്പോഴേ കുട്ടികളുടെ ശരീരവും മനസ്സും വളരുകയുള്ളൂ. സദ്ഗുണങ്ങൾ പാലിക്കാനുള്ള പാഠങ്ങൾ ഓരോ കുട്ടിക്കും മാതാപിതാക്കൾ നൽകുന്ന സ്വത്താണ്. അസൂയയും കിടമത്സരങ്ങളും ഉയർച്ചയും താഴ്ചയും നിറഞ്ഞ ഈ ലോകത്തിൽ മനസ്സിന്റെ സമനില കൈവിടാതെ നാം നോക്കണം. ചെറിയ പ്രായത്തിൽ നമുക്ക് ലഭിക്കുന്ന സദ്ഗുണ പാഠങ്ങളാണ് നമ്മെ അതിന് സഹായിക്കുന്നത്. വിദ്യാഭ്യാസം എന്ന വൃക്ഷത്തിന്റെ തായ്‌വേര് ജീവിതം എന്ന പാഠപുസ്തകമാണ്.

കുട്ടികളുടെ സ്വാഭാവികമായ ഗുണം തന്നെ പഠനമാണ്. കണ്ടും കേട്ടും തൊട്ടും അറിഞ്ഞും ഓരോ കുട്ടിയും ഓരോ ദിവസവും പഠിച്ചു കൊണ്ടേയിരിക്കുന്നു. തന്നെ സ്വയം അറിയുന്നതാണ് ജീവിതം എന്ന വിദ്യാഭ്യാസം. അറിയുന്നതിൽ നിന്നാണ് നമുക്ക് അറിവ് ലഭിക്കുന്നത്. ഒരു കാര്യം അറിയുന്നു എങ്കിൽ അറിവില്ലായ്മയിൽ നിന്ന് നാം മോചിതരായി എന്നർത്ഥം. അറിവ് നമുക്ക് സ്വാഭാവികമായി ലഭിക്കുന്ന ഗുണമാണ്. എന്നാൽ അർത്ഥമില്ലാത്ത വിദ്യാഭ്യാസം അൽപം പഠിച്ച ഉടനെ നമ്മുടെ മനസ്സിൽ വലിയ അഹങ്കാരം ജനിപ്പിക്കുന്നു.

ഉദാഹരണത്തിന് ഈ കഥ കേൾക്കുക. ഒരു പണ്ഡിതൻ മുടി വെട്ടാൻ ഒരു സലൂണിൽ ചെല്ലുന്നു. മുടി വെട്ടുന്ന തൊഴിലാളിയേക്കാൾ താൻ അറിവിൽ മുന്നിലാണെന്ന അഹന്ത പണ്ഡിതനുണ്ട്. പണ്ഡിതൻ ഗൗരവത്തിൽ മുടി വെട്ടാൻ എത്ര, ക്ഷൗരത്തിന് എത്ര എന്ന് ബാർബറോടു ചോദിച്ചു. മുടി വെട്ടാൻ 100 രൂപ. ക്ഷൗരത്തിന് 25 രൂപ എന്ന് ബാർബർ പറഞ്ഞു. എന്നാൽ തലയ്ക്ക് ക്ഷൗരം ചെയ്യാൻ എത്ര എന്ന് ചോദിച്ച് അയാൾ ചിരിച്ചു.

ഇങ്ങനെ ഓരോന്ന് പറഞ്ഞ് തന്നെ അപമാനിച്ച പണ്ഡിതനെ എങ്ങനെ നേരിടണം എന്നായി ബാർബറുടെ ആലോചന. അയാൾ ഉടനെ പണ്ഡിതന്റെ തല മൊട്ടയടിച്ചു തുടങ്ങി. പാതിയിൽ ഇത് തിരിച്ചറിഞ്ഞ പണ്ഡിതൻ നിർത്താൻ ആവശ്യപ്പെട്ടു. ബാർബർ, 'പാതി തലയല്ലേ ക്ഷൗരം ചെയ്തത്. 25 രൂപ മതി' എന്ന് പറഞ്ഞു ചിരിച്ചു. 'നീ ചോദിച്ച നൂറു രൂപയും തരാം. മുഴുവൻ മൊട്ടയടിച്ച്



തരൂ' എന്നായി പണ്ഡിതൻ. 'ഇങ്ങനെ പുറത്തു തല കാട്ടാൻ പറ്റില്ല' അദ്ദേഹം പറഞ്ഞു. 'തല മാത്രം പുറത്തു കാട്ടിയാൽ അഹന്ത ഇല്ലാത്ത ഉടൽ എന്ന് ആൾക്കാർ പറയും അല്ലേ' എന്നായി ബാർബർ. 'തന്റെ തെറ്റ് മനസ്സിലാക്കിയ പണ്ഡിതൻ അയാളോട് മാപ്പ് ചോദിച്ചു. നമ്മുടെ അറിവും മികവും അധികാരവും അന്തസ്സും മറ്റുള്ളവർക്ക് സഹായകമാകാനാണ് വിനിയോഗിക്കേണ്ടതെന്ന പാഠത്തോടെ കഥ അവസാനിക്കുന്നു.

വേണ്ട വിധത്തിൽ ഉചിതമായ വിദ്യാഭ്യാസം നേടിയില്ലെങ്കിൽ അത് ആപത്തിൽ കലാശിക്കും. പ്രിയ ഗുരു വേദാദ്രി മഹർഷി 'ജീവിതമെന്ന വിദ്യാഭ്യാസമാണ് നമുക്ക് അവശ്യം' എന്ന് പറയുകയും അതിനായി നമുക്ക് വഴികാട്ടുകയും ചെയ്തു. 'എന്തു ചെയ്താലും അതിന്റെ ഫലം എന്താണ് എന്ന് ചിന്തിച്ച് മനസ്സിലാക്കിയിരിക്കണം. അടുത്തവർക്കോ ശരീരത്തിനോ എന്തെങ്കിലും ദോഷം ഉണ്ടാകുമെങ്കിൽ നാം അത് ചെയ്യരുത്. അതേ പോലെ ഒരു പ്രവർത്തിയുടെ രൂപവും ഭാവവും മാറുമ്പോൾ അതിന്റെ ഫലങ്ങളിലും മാറ്റമുണ്ടാകും. ഇത് കണക്കാക്കി വേണം നമ്മുടെ പ്രവർത്തികൾ. ജീവിതത്തിൽ സന്തോഷവും സമാധാനവുമായി കഴിയണമെങ്കിൽ എന്ത് ഫലമാണ് പ്രതീക്ഷിക്കുന്നതെന്നറിഞ്ഞു അതിന് അനുസരിച്ച് നടപടികൾ സ്വീകരിക്കണം. അതിനാണ് ധാർമ്മികമായ മൂല്യങ്ങൾ എന്ന് പറയുന്നത്' മഹർഷി അടിവരയിടുന്നു

പ്രശസ്തനായ ഒരു ആത്മീയ ഗുരു ഒരു സദസ്സിൽ പ്രസംഗിക്കുമെന്ന് അറിയിപ്പ് ഉണ്ടായി.ആ ദിവസം ആയിരക്കണക്കിന് ആളുകൾ അവിടെ തടിച്ചു കൂടി. എന്നാൽ ഗുരു അന്ന് വന്നില്ല. അടുത്ത നാൾ അദ്ദേഹം വരും എന്ന് വീണ്ടും സംഘാടകർ അറിയിച്ചു. അടുത്ത ദിവസം പാതി ജനങ്ങൾ മാത്രമാണ് വന്നത്. അന്നും ഗുരു വന്നില്ല. അടുത്ത നാൾ ഗുരു വരും എന്ന അറിയിപ്പ് വന്നു. ഇങ്ങനെ ഒരു മാസം അറിയിക്കലും മാറ്റിവയ്ക്കലും തുടർന്നു. മുപ്പതാം ദിവസം പത്തു പേർ പോലും വന്നില്ല. ഗുരു വളരെ പെട്ടെന്ന് വന്നു. ഭാരവാഹികൾ ഗേറ്റ് അടച്ചു പൂട്ടി. ഗുരു വന്ന വിവരം നാട് മുഴുവനും പ്രചരിച്ചു. വീണ്ടും ആയിരക്കണക്കിനു പേർ എത്തി. എന്നാൽ ഗേറ്റ് അടഞ്ഞു കിടന്നു. ഗുരുവിനെ കാണാൻ പത്തു പേർക്ക് മാത്രമേ അനുമതി ഉണ്ടായുള്ളൂ.

ആ പത്തു പേരും 'അങ്ങയെ കാണാൻ ഉദ്വേഗത്തോടെ കാത്തിരിക്കുകയായിരുന്നു' എന്ന് പറഞ്ഞു. ഗുരു, 'കഴിഞ്ഞ 30 ദിവസവും നിങ്ങൾ എനിക്കു വേണ്ടിയല്ല കാത്തിരുന്നത്. ഞാൻ നിങ്ങൾക്ക് വേണ്ടി കാത്തിരിക്കുകയായിരുന്നു' എന്ന് പറഞ്ഞു . അന്വേഷിച്ചാൽ മാത്രമേ പഠനം പൂർത്തിയാകൂ. അറിയാനും തേടാനുമുള്ള നമ്മുടെ ആഗ്രഹം മൂലം ലഭിക്കുന്ന ജീവിതം എന്ന വിദ്യാഭ്യാസം ജീവിതം സദ്ഗുണ സമ്പന്നമാക്കും. സമൂഹത്തിനും ഇത് ഇത് നന്മ നൽകും. ഈ മാസത്തെ വെണ്മ പുതിയ കാഴ്ചകൾ ജീവിതം എന്ന വിദ്യാഭ്യാസത്തിന്റെ ആവശ്യകതയെ പറ്റി മഹാന്മാരുടെ വാക്കുകളിൽ കേൾക്കാം.

The Culturepreneur

ഗുരു അരുൾ

എല്ലാവർക്കും സമസ്ത ഐശ്വര്യങ്ങളും

നേർന്നു കൊണ്ട്,

കെ ആർ നാഗരാജൻ

സ്ഥാപകൻ

രാംരാജ് കോട്ടൺ

മറ്റുള്ളവരെ ഓർക്കുക എന്ന പാഠം

ഒരു വ്യവസായി. എല്ലാവരോടും വിനയത്തോടെ സംസാരിക്കുന്ന വ്യക്തി. തന്റെ സ്ഥാപനത്തിലെ കീഴ്ജീവനക്കാർക്കു പോലും വേണ്ട കാര്യങ്ങൾ ചെയ്തു കൊടുക്കുന്ന വ്യക്തി. പൊതു പ്രവർത്തനങ്ങൾക്ക് യാതൊരു മടിയും കൂടാതെ സഹായം നൽകും. ഒരു സാഹ ചര്യത്തിലും ഒരു ടെൻഷൻ ആകില്ല. ആരോടും മത്സരിക്കാനുള്ള മോഹവും അദ്ദേഹത്തിനില്ല. എങ്കിലും അദ്ദേഹത്തിന്റെ സ്ഥാപനം വൻതോതിൽ വളർന്നു കൊണ്ടിരുന്നു. അദ്ദേഹത്തിന്റെ സുഹൃത്തുക്കളിൽ ഒരാൾ 'എങ്ങനെയാണ് താങ്കൾക്ക് ഇത്ര പക്വത കാട്ടാനാകുന്നത്?'എന്ന് ചോദിക്കുക പോലുമുണ്ടായി. ചെറു പ്രായത്തിൽ അച്ഛൻ പകർന്ന ജീവിത പാഠങ്ങളെ പറ്റി അദ്ദേഹം അയാളോട് പറഞ്ഞു.

'ഞാൻ ബാല്യത്തിൽ തികഞ്ഞ സ്വാർത്ഥനായിരുന്നു. എന്റെ വസ്തുക്കൾ ഞാൻ ആരുമായും പങ്കു വയ്ക്കാറില്ല. മറ്റു കുട്ടികളുടെ കൈയിൽ നല്ല വസ്തുക്കളോ കളിപ്പാട്ടങ്ങളോ കണ്ടാൽ ഞാൻ വാശി പിടിച്ചു വാങ്ങും. എന്റെ ഈ സ്വഭാവം മൂലം എല്ലാവരും എന്നിൽ നിന്ന് അകന്നു തുടങ്ങി. ഒരവസരത്തിൽ എനിക്ക് സുഹൃത്തുക്കളെ ഇല്ലാത്ത നില വന്നു. ഞാൻ എന്റെ കുറ്റം ഓർക്കാതെ മറ്റുള്ളവരെ കുറ്റപ്പെടുത്തിക്കൊണ്ടിരുന്നു.'

'ആ സമയത്ത് അച്ഛൻ മൂന്നു ജീവിത പാഠങ്ങൾ എനിക്ക് പറഞ്ഞു തന്നു.

അപ്പോൾ എന്റെറ കുടുംബത്തിന് ശരാശരി വരുമാനമേയുള്ളൂ. എപ്പോഴെങ്കിലും ലഭിക്കുന്ന മുട്ടയാണ് സ്പെഷ്യൽ വിഭവം. വീട്ടിൽ മുട്ട കൊണ്ടു വിഭവം തയാറാക്കുമ്പോൾ ഞാൻ അടുക്കളെ ചുറ്റി വരും. ഒരു ദിവസം അച്ഛൻ രണ്ടു പാത്രങ്ങളിൽ ചോറുമായി വന്നു. രണ്ടു പാത്രങ്ങളും നടുവിൽ വെച്ചു. ഒരു പാത്രത്തിൽ ചോറിൽ മുട്ടയും ചാറും ഉണ്ട്. രണ്ടാമത്തെ പാത്രത്തിൽ മുട്ടയുടെ ചാറു മാത്രം. 'നിനക്ക് ഇഷ്ടമുള്ള പാത്രം എടുത്തോളൂ' എന്ന് അച്ഛൻ പറഞ്ഞു. ഉടനെ ഞാൻ മുട്ട വച്ചിരുന്ന പാത്രം എടുത്തു. അച്ഛന് കഴിക്കാൻ മുട്ട ഇല്ല എന്ന കാര്യം ശ്രദ്ധിച്ചില്ല.'

'ഞാൻ ശരിയായ തീരുമാനമാണ് എടുത്തതെന്ന് കരുതി സ്വയം അഭിനന്ദിച്ചു. ആദ്യം മുട്ട കഴിച്ച് ചോറ് കഴിക്കാൻ തുടങ്ങി. അച്ഛൻ കഴിക്കാൻ തുടങ്ങിയപ്പോൾ ഞാൻ അത്ഭുതപ്പെട്ടു. അച്ഛന്റെ പാത്രത്തിൽ ചോറിനടിയിൽ രണ്ടു മുട്ടകൾ ഉണ്ടായിരുന്നു. അതു കണ്ട് മനസ്സ് വിഷമിച്ചു. 'ധൃതിയിൽ ഒരു തീരുമാനമെടുത്തു' എന്നു പറഞ്ഞ് എന്നെ സ്വയം കുറ്റപ്പെടുത്തി. അച്ഛൻ ചിരിച്ചു കൊണ്ട്, 'നിന്റെ കണ്ണുകൾ കാണുന്നത് നിജമല്ലെന്ന് വരാം. പക്ഷേ. മറ്റുള്ളവർക്ക് കിട്ടുന്നത് നീ തട്ടിയെടുക്കാൻ ശ്രമിച്ചാൽ വീഴ്ച നിനക്കാണ്' എന്ന ജീവിത പാഠം അച്ഛൻ ചൊല്ലി തന്നു.

അടുത്ത ആഴ്ചയും രണ്ടു പാത്രങ്ങളിൽ ചോറ് കൊണ്ടു വന്നു അച്ഛൻ. പഴയ പോലെ ഒന്നിന്റെ മുകളിൽ മുട്ടയുണ്ട്. മറ്റൊന്നിൽ ഇല്ല. 'ഏതു വേണം?' അച്ഛൻ ചോദിച്ചു. മുകളിൽ മുട്ട ഇല്ലാത്ത പാത്രത്തിൽ രണ്ട് മുട്ട ഉണ്ടാകുമെന്നു കരുതി ഞാൻ

അത് മതിയെന്നു പറഞ്ഞു എന്നാൽ ചോറിന് അടിയിൽ ഒരു മുട്ടയും ഉണ്ടായിരുന്നില്ല. അപ്പോഴും അച്ഛൻ ചിരിച്ചു കൊണ്ടു 'അനുഭവം വച്ച് ഒന്നും അളക്കരുത് ചിലപ്പോൾ ജീവിതത്തിൽ ചതി പറ്റും' എന്ന രണ്ടാമത്തെ പാഠം അച്ഛൻ ചൊല്ലി തന്നു.

മൂന്നാമത്തെ ആഴ്ചയും അങ്ങനെ തന്നെ നടന്നു. എന്നാൽ ഇത്തവണ ധൃതി പിടിച്ച് ഞാൻ പാത്രം എടുത്തില്ല. 'അച്ഛനല്ലേ കുടുംബത്തിനു വേണ്ടി കഷ്ടപ്പെടുന്നത്. അതിനാൽ ആദ്യം അച്ഛൻ തന്നെ എടുക്കുക' എന്ന് ഞാൻ പറഞ്ഞു. അടുത്തത് ഞാൻ എടുക്കാം. 'മുട്ട ഇരുന്ന പാത്രം അച്ഛൻ എടുത്തു. അടുത്ത പാത്രം എടുത്ത് ഞാനും കഴിക്കാൻ തുടങ്ങി. ഈ പാത്രത്തിൽ മുട്ട ഉണ്ടെന്ന് ഞാൻ കരുതിയില്ല. എന്നാൽ അടിയിൽ രണ്ട് മുട്ട ഉണ്ടായിരുന്നു. അച്ഛനോട് എനിക്ക് വലിയ ആദരവ് തോന്നി.

അച്ഛൻ സ്നേഹത്തോടെ എന്നെ നോക്കി മൂന്നാമത്തെ പാഠം പറഞ്ഞു, 'മറ്റുള്ളവർക്ക് നല്ലത് വരണമെന്ന് കരുതുമ്പോൾ നിനക്കും നന്മ വരും.'

'അച്ഛൻ പറഞ്ഞു തന്ന ഈ ജീവിത പാഠങ്ങൾ ഞാൻ ഒരിക്കലും മറക്കില്ല. അവ ഞാൻ എന്നും പിന്തുടർന്നു. അതിനാലാണ് എനിക്കു ജീവിത വിജയം കിട്ടുന്നത്.'

ഇങ്ങനെ നിങ്ങൾ പിന്തുടരേണ്ട ചില ജീവിത പാഠങ്ങൾ:

- സ്നേഹം കടം കൊടുക്കുക. അത് വലിയ പലിശയോടെ തിരികെ ലഭിക്കും.
- വിട്ടുകൊടുക്കുക.ആഗ്രഹങ്ങൾനിറവേറപ്പെടും. മറ്റുള്ളവരെ പ്രോത്സാഹിപ്പിക്കുക. വീഴ്ചകൾ കുറയും. മനസ്സ് തുറന്നു സംസാരിക്കുക. സ്നേഹം വർധിക്കും
- സ്നേഹിക്കുന്ന നൂറു പേരെ സ്നേഹിക്കാൻ ആരംഭിച്ചാൽ നിങ്ങൾ വെറുക്കുന്ന നാല് പേരെ പറ്റി ആലോചിക്കാൻ നേരമുണ്ടാകില്ല.
- ജീവിതത്തിൽ വന്നണയുന്ന മനുഷ്യരും നേരിടുന്ന സംഭവങ്ങളും താൽക്കാലികമാണ്. അവ നിരന്തരമാക്കുന്നത് നമ്മുടെ പ്രവർത്തികളാണ്.
- എല്ലാവരോടും സ്വാഭാവികമായി പെരുമാറണം. ചിരിച്ചു സംസാരിക്കണം. എന്നാൽ വിശ്വസിക്കാവുന്ന വ്യക്തികളോട് മാത്രം അഭിപ്രായം ചോദിക്കുക.
- ആഗ്രഹങ്ങൾ ഇല്ലാത്ത ജീവിതം നിങ്ങൾ എപ്പോൾ തേടിപ്പോകുന്നുവോ അപ്പോൾ ദുഃഖം ഇല്ലാത്തെ ജീവിതം നിങ്ങളെ തേടി വരും.
- മനനിറവ് എന്നത് സ്വാഭാവികമായി നമുക്കുള്ള സമ്പത്ത്. ആഡംബരം എന്നത് നാം തേടിച്ചെല്ലുന്ന ദാരിദ്ര്യമാണ്.
- 'ഇങ്ങനെയേ ജീവിക്കൂ' എന്ന് വാശിപിടിച്ച് ഉപാധികൾവയ്ക്കരുത്.സ്നേഹിക്കുന്നവർക്കു വേണ്ടി ഉപാധികളില്ലാതെ ജീവിക്കാം.
- ജീവിതംനിങ്ങളെഅപ്രതീക്ഷിതഇടങ്ങളിലേക്ക് കൂട്ടിക്കൊണ്ടുപോകും. സ്നേഹമാണ് നിങ്ങളെ വീണ്ടും വീട്ടിലേക്ക് കൂട്ടിക്കൊണ്ടുവരുന്നത്.
- ചിരിച്ചു നോക്കൂ. നിങ്ങൾക്ക് നിങ്ങളെ ഇഷ്ടപ്പെടും. മറ്റുള്ളവരെ ചിരിപ്പിക്കൂ. നിങ്ങളുടെ മുഖം എല്ലാവർക്കും ഇഷ്ടമാകും.
- കഷ്ടങ്ങൾ വരുമ്പോൾ ആശ്വസിപ്പിക്കുന്നവരാണ് മനുഷ്യർ. അതിനുള്ള പരിഹാരം നൽകുന്നവൻ ഈശ്വരൻ. എപ്പോഴും ഈശ്വരനായി മാറാൻ ശ്രമിക്കണം. ●

PRESS & REGISTRATION OF BOOKS ACT
Registration of newspapers (Central) Rules, 1957
FORM IV (SEE RULE 8) Statement about
Ownership & other particulars about Newspaper
VENMA

1	Place of Publication	10, Sengunthapuram, Tirupur-641604.
2	Periodicity of its Publication	Monthly
3	Printer's Name	B. Ashok kumar
	Nationality	Indian
	Address	Rathna Offset Printers 40, Peters Road, Royapettah, Chennai-14.
4	Publisher's Name	K.R. Nagarajan
	Nationality	Indian
	Address	10, Sengunthapuram, Mangalam Road, Tirupur-641604.
5	Editor's Name	T.J. Gnanavel
	Nationality	Indian
	Address	No.188, G.Floor, 14th Cross Street Junction, Defence Colony, Ekkatuthangal, Chennai – 600 032
6	Name and Address of Shareholders holding more than one percent of the Share Capital	K.R. Nagarajan 10, Sengunthapuram, Mangalam Road, Tirupur-641604.

I, K.R. Nagarajan hereby declare that the particulars given above are true to the best of my knowledge and belief.

Dated: 01-03-2026

Signature of Publisher:
K.R. Nagarajan

മനസ്സ് അറിഞ്ഞ് ചെയ്യുക

ഒരു ഗുരുവിന്റെ അടുത്ത് അഭയം തേടി ഒരാൾ എത്തി. ശിഷ്യർ അയാളെ സംശയത്തോടെയാണ് കണ്ടത് എങ്കിലും അവിടെ താമസിക്കാൻ അയാൾക്ക് ഗുരു അനുവാദം നൽകി.

ഗുരുകുലത്തിലെ അന്തേവാസികളുമായി പൊരുത്തപ്പെട്ടു പോകാൻ കഴിയാതെ അയാൾ ഗുരുവിന്റെ സന്നിധിയിൽ എത്തി. 'ഗുരുജി, ഞാൻ ഒരു കള്ളനാണ്. പോലിസ് പിടിക്കുമെന്ന ഭയം മൂലമാണ് ഞാൻ ഇവിടെ വന്ന് തങ്ങിയത്. അങ്ങയുടെ ആത്മീയ ജീവിതം എനിക്ക് ഇഷ്ടമായി. അങ്ങ് എന്നെ പറഞ്ഞു വിടുന്നതിനു മുമ്പ് ഞാൻ പോകുകയാണ്,' കള്ളൻ പറഞ്ഞു

'നിന്നെ ആരാണ് പോകാൻ പറഞ്ഞത്? നീ ഇവിടെ കഴിയൂ,' ഗുരു പറഞ്ഞു. 'ഞാൻ ഇവിടെ നിന്ന് എന്തെങ്കിലും മോഷ്ടിച്ചാലോ?' കള്ളൻ ചോദിച്ചു. 'നിന്നോട് മോഷ്ടിക്കരുത് എന്ന് പറയില്ല. നീ എന്തു ചെയ്താലും മനസ്സറിഞ്ഞു ചെയ്യണം' ഗുരു ഉപദേശിച്ചു.

രണ്ടു ദിവസം കഴിഞ്ഞ് അയാൾ വന്നു. 'എനിക്ക് മനസ്സറിഞ്ഞ് എല്ലാ ജോലികളും ചെയ്യാൻ കഴിയുന്നു. എന്നാൽ മോഷ്ടിക്കാൻ മാത്രം കഴിയുന്നില്ല. ഇത് തെറ്റ് എന്ന് ആരോ പറയുന്നു ഇനി ഞാൻ കള്ളൻ അല്ല. താങ്കളുടെ ശിഷ്യൻ ആണ്' അയാൾ ഗുരുവിനെ വണങ്ങി നിന്നു.

ഏതു പ്രവർത്തിയും മനസ്സറിഞ്ഞു ചെയ്താൽ നിങ്ങൾ തെറ്റുകൾ ചെയ്യുകയേ ഇല്ല.

ആശയക്കുഴപ്പം

ഹോട്ടലിൽ പോകുന്ന പലരും മെനു കാർഡ് നോക്കി അന്തംവിട്ടിരിക്കും. അവസാനം 'എന്താ കഴിക്കാനുള്ളത്' എന്ന്ചോദിക്കും.ധാരാളംഅവസരങ്ങൾ വരുമ്പോൾ ഏത് തിരഞ്ഞെടുക്കണം എന്ന ആശയക്കുഴപ്പം ഉണ്ടാകുന്നത് സ്വാഭാവികം. ജീവിതം ധാരാളം അവസരങ്ങൾ നമുക്ക് വച്ചു നീട്ടും. ഏതാണ് നമുക്ക് നന്മ നൽകുന്നതെന്ന് മനസ്സിലാക്കാനുള്ള വ്യക്തത ഉണ്ടായിരിക്കണം.

അനുഭവം തീരുമാനിക്കട്ടെ

ഗ്രാമമുഖ്യന്റെ അടുത്തു രണ്ടു പേർ ഒരു തർക്കവുമായി എത്തി. 'ഞങ്ങൾ രണ്ടു പേരും അടുത്തടുത്ത വീടുകളിൽ കഴിയുന്നവരാണ്. എന്റെ ഫാമിൽഒരുപശുഇന്നലെപ്രസവിച്ചു. അതേ പോലെ ഇയാളുടെ ഫാമിലും ഒരു പശു പ്രസവിച്ചു. അവന്റെ പശുക്കുട്ടി ചത്തു പോയി. അത് മറന്ന് അവൻ എന്റെ കന്നിനെ സ്വന്തമെന്ന് പറയുകയാണ്,' ഒരാൾ പറഞ്ഞു. അടുത്തയാളും അത് ആവർത്തിച്ചു. 'താങ്കൾ ഇതിൽ ഒരു തീരുമാനം എടുക്കണം' അവർ ആവശ്യപ്പെട്ടു.

ഗ്രാമത്തലവൻ ആലോചിച്ചു നോക്കി. ഇരുവരുടെയും

ഉയരത്തിൽ പോകാം

'നിങ്ങൾ എങ്ങനെയാണ് ഇത്ര ഉയരത്തിൽ എത്തിയത്?' എന്ന് ഒരു വ്യവസായിയോട് ഒരാൾ ചോദിച്ചു. 'എന്റെ അച്ഛൻ അധികം പഠിച്ചയാളല്ല. വലുതായി വ്യവസായം നടത്തിയ വ്യക്തിയും അല്ല. എന്നാൽ അച്ഛൻ പറഞ്ഞു തന്ന ഒരു പാഠമാണ് എന്നെ ഉയരത്തിൽ എത്തിച്ചത്. ഞാൻ കുഞ്ഞായിരുന്നപ്പോൾ അച്ഛൻ ഒരു പന്ത് ഉയരത്തിലെറിഞ്ഞ് കളിക്കാൻ പറഞ്ഞു. തുടക്കത്തിൽ ഒരു ദൂരം കാട്ടി അതു വരെ പോകുന്ന വിധം പന്ത് അടിക്കാൻ പറയും. കുറെ ദിവസം ഇങ്ങനെ പരിശീലിച്ചു കഴിഞ്ഞപ്പോൾ ദൂരെ ഒരു സ്ഥലത്തേക്ക് പന്ത് അടിക്കാൻ പറഞ്ഞു. 'അത്ര ദൂരം എനിക്ക് അടിക്കാൻ കഴിയില്ല' എന്ന് പറഞ്ഞപ്പോൾ 'കഴിയും എന്ന് മനസ്സിൽ വിചാരിച്ച് പന്ത് അടിക്കാൻ' പറയും. തുടക്കത്തിൽ എനിക്ക് ആ ദൂരത്തിൽ അടിക്കാൻ കഴിഞ്ഞില്ല. ഓരോ തവണയും അൽപാൽപം ദൂരം കൂടി. 'ഇനിയും പരിശീലിച്ചാൽ കൂടുതൽ ഉയരും' എന്ന് അച്ഛൻ സമാധാനിപ്പിച്ചു. അച്ഛൻ പറഞ്ഞ പ്രകാരം പരിശ്രമിച്ച എനിക്ക് ആ ദൂരത്തിലും അതിനു മുകളിലും പന്ത് അടിക്കാൻ കഴിഞ്ഞു.

മനസ്സു വച്ച് പ്രവർത്തികൾ ചെയ്താൽ വിജയി ക്കാനാകും എന്ന് അച്ഛൻ ലളിതമായി പറഞ്ഞു തന്നു. വലിയ ലക്ഷ്യങ്ങൾ മുന്നിൽ വച്ച് വെല്ലുവിളികൾ ഏറ്റെടുത്തതു കൊണ്ടാണ് ജീവിതത്തിൽ വലിയ വിജയങ്ങൾ കൊയ്യാൻ കഴിഞ്ഞത്. ലക്ഷ്യങ്ങളും അധ്വാനങ്ങളും അനുസരിച്ചായിരിക്കും നമ്മുടെ ഉയർച്ച. ഉന്നതമായ ലക്ഷ്യം ഉണ്ടെങ്കിൽ നാമും ഉയരത്തിൽ എത്തും. •

ഐക്യമത്യം മഹാബലം

കുരയ്ക്കുന്ന പട്ടിക്കു നേരെ കല്ല് എറിഞ്ഞാൽ അത് ഓടിപ്പോകും. അതേ കല്ല് ഒരു തേനീച്ച കൂട്ടത്തിനു നേരെ എറിഞ്ഞാൽ അത് വന്ന് ആക്രമിക്കും. തേനീച്ചകളേക്കാൾ എത്രയോ വലുതാണ് ഒരു നായ. പക്ഷേ എന്തു കൊണ്ട് തേനീച്ചകൾ ആക്രമിക്കുന്നു?

കാരണം നായ ഒറ്റയ്ക്കാണ്. തേനീച്ചകൾ കൂട്ടമാണ്. നാം എത്ര ശക്തരാണെങ്കിലും ഒറ്റയ്ക്ക് ഇരിക്കുമ്പോൾ ബലം കുറയും. ഐക്യത്തോടെ ഇരുന്നാൽ നമ്മുടെ ബലം കൂടും കുടുംബത്തിലും സമൂഹത്തിലും ഐക്യം വളർത്തണം.

പശുക്കളെയും വെവ്വേറെ മരങ്ങളിൽ കെട്ടാൻ പറഞ്ഞു. അതിനു ശേഷം പശുക്കുട്ടിയെ അഴിച്ചു വിടാൻ പറഞ്ഞു. പശുക്കുട്ടി തന്റെ അമ്മയെ നോക്കി പോകുമെന്നു അയാൾ കരുതി. പക്ഷേ പശുക്കുട്ടി അത് ചെയ്യാതെ തുള്ളിച്ചാടി നടന്നു. അയാൾ ആകെ ആശയക്കുഴപ്പത്തിലായി.

വീട്ടിൽ ഇത് കണ്ടുകൊണ്ടിരുന്ന മരുമകൾ മറ്റൊരു കാര്യം ചെയ്യാൻ പറഞ്ഞു. പശുക്കുട്ടിയെ മരത്തിൽ കെട്ടി രണ്ടു പശുക്കളെയും അഴിച്ചു വിടാൻ അവൾ ആവശ്യപ്പെട്ടു. അമ്മ പശു തന്റെ കുഞ്ഞിനെ കണ്ട് മുലചുരത്തി കൊടുത്തു. ഒരു അമ്മയുടെ കണ്ണിലൂടെ ചില പ്രശ്നങ്ങൾ നോക്കണമെന്ന് ഗ്രാമ മുഖ്യന് മനസ്സിലായി.

എല്ലാം സഹിക്കുന്ന ജീവിതം

ചാടികുതിച്ചുവന്നഒരുതവള ''ടപ്പേന്ന്'' വെള്ളം നിറച്ചു വച്ചിരുന്ന ഒരു പാത്രത്തിൽ വീണു. അഴുക്കു വെള്ളത്തിൽ പൊതുവെ കഴിയുന്ന തവളയ്ക്ക് ശുദ്ധജലം സുഖകരമായ അനുഭവമായി. പക്ഷേ താൻ ഒരു വലിയ അണ്ടാവിൽ ആണെന്നും അത് അടുപ്പിൽ തിളപ്പിക്കാൻ വച്ചിരിക്കുകയാണെന്നും പാവം തവള അറിഞ്ഞില്ല.

വെള്ളം മെല്ലെ മെല്ലെ ചൂടായിക്കൊണ്ടിരുന്നു. ഇതുവരെ അഴക്കു നീറ്റിൽ കഴിഞ്ഞ തവളയ്ക്ക് ഇതും സുഖകരമായി തോന്നി. ഭയമൊന്നുമില്ലാതെ അത് വെള്ളത്തിൽ കിടന്നു. ചൂട് കൂടിയപ്പോൾ 'അതുമായി പൊരുത്തപ്പെട്ടു പോകാം' എന്ന് തവള കരുതി ഇത്തിരി നേരം കഴിഞ്ഞപ്പോൾ താങ്ങാനാവാത്ത ചൂട്. 'ഇനി ഇത് സഹിക്കാനാവില്ല' എന്ന് പറഞ്ഞ് അത് പുറത്തേക്ക് ചാടാൻ നോക്കുമ്പോൾ വെള്ളം തിളച്ചു തുടങ്ങിയിരുന്നു. തവളയുടെ ചാട്ടം നിലച്ചു. അത് ചത്തു പോയി.

എന്തു കൊണ്ടാണ് ആ തവള ചത്തത്? 'തിളച്ച വെള്ളം' എന്ന് പലരും പറയും. അത് സത്യം അല്ല. 'സഹിച്ചതു മതി' എന്ന് തീരുമാനിക്കാതിരുന്നതും എപ്പോൾ പുറത്തേക്ക് ചാടണം എന്ന് നിശ്ചയിക്കാതെ ഇരുന്ന തവളയുടെ തിരിച്ചറിവില്ലായ്മയുമാണ് അതിനെ കൊന്നത്.

ഷെയർ ഓട്ടോയിൽ 'അൽപം അഡ്ജസ്റ്റ് ചെയ്യൂ' എന്ന് പറഞ്ഞ് യാത്രക്കാരെ കയറ്റും. മൂന്നു പേർ കയറാവുന്ന ഓട്ടോയിൽ പരമാവധി അഞ്ചു പേർക്ക് കയറാം. അതിൽ കൂടുതൽ പേരെ കയറ്റിയാൽ അത് എതിർക്കണ്ടേ? മറ്റുള്ളവരുമായി ഇടപഴകുമ്പോഴും സാഹചര്യങ്ങൾ നേരിടുമ്പോഴും ഇതേ പോലെ വ്യക്തമായ ചിന്ത വേണം.

ആരുമായും പൊരുത്തപ്പെടാനാകാതെ വന്നാൽ സുഹൃത്തുക്കളുമായും ബന്ധുക്കളുമായും യോജിച്ചു പോകാൻ കഴിയില്ല. നിങ്ങൾ ഒറ്റപ്പെടും. എന്നാൽ എല്ലാ കാര്യങ്ങൾക്കും നിങ്ങൾ വളഞ്ഞു കൊടുത്താൽ നിങ്ങളെ നിവർന്നു നിൽക്കാൻ അവർ അനുവദിക്കില്ല. ഈ രണ്ടു സാഹചര്യങ്ങളിലും നിങ്ങൾ വ്യക്തമായ നിലപാട് എടുക്കണം.

ഉദാഹരണമായി വിദേശത്തു പഠിക്കാൻ പോകുന്നു. അല്ലെങ്കിൽ വടക്കേ ഇന്ത്യയിൽ ജോലിക്ക് പോകുന്നു. നാം ആഗ്രഹിക്കുന്ന ഭക്ഷണം അവിടെ കിട്ടില്ല. നമ്മുടെ ഭാഷ സംസാരിക്കുന്നവരും അവിടെ ഉണ്ടാകില്ല. ഈ മാറ്റം നാം സ്വമനസ്സാലെ സ്വീകരിച്ചതാണെന്ന് ഓർക്കണം. ഇത് മൂലമുള്ള ഗുണങ്ങൾ എന്തെന്ന് ആലോചിക്കണം. മനസ്സിൽ ഉണ്ടാകുന്ന ഭയവും ആശയക്കുഴപ്പവും ഒഴിവാക്കിയാലേ നമുക്ക് മാറ്റത്തെ ഉൾക്കൊള്ളാനാവൂ. 'ഏതു മാറ്റവുമായും പൊരുത്തപ്പെടാൻ കഴിയും' എന്ന് സ്വയം അഭിനന്ദിക്കണം.

അതേ സമയം നമ്മുടെ നാട്ടിൽ നമുക്ക് പിടിക്കാത്ത ഇറ്റാലിയൻ ഭക്ഷണം കഴിക്കാൻ നിർബന്ധിച്ചാൽ അത് നിരസിക്കാനും നമുക്ക് കഴിയണം. ഏതു സാഹചര്യം ആണെങ്കിലും നിങ്ങൾക്ക് സാധ്യമായ അതിരുവരെ പൊരുത്തപ്പെട്ടു പോകുക. അല്ലാത്ത സാഹചര്യത്തിൽ, നിങ്ങളുടെ ശക്തി ചോരും മുമ്പേ അവിടെ നിന്ന് രക്ഷപ്പെടുക. ●

അജ്ഞത ഇല്ലാത്ത ജീവിതം

ഒരു കോളേജിൽ എയ്റോനോട്ടിക് എഞ്ചിനീയറിംഗ് പഠിപ്പിക്കുന്ന അധ്യാപകരെ പുതുതായി നിർമ്മിച്ച ഒരു വിമാനം കാണാൻ അയച്ചു. വിമാനത്തിന്റെ ഡിസൈൻ കണ്ടു അന്തിച്ചു പോയ അവർ ഉള്ളിൽ കടന്ന് നോക്കി. 'വിമാനം പറത്തി നോക്കുന്നുവോ' എന്ന് ഭാരവാഹികൾ ചോദിച്ചപ്പോൾ അവർ സന്തോഷത്തോടെ സീറ്റ് ബെൽറ്റ് ഇട്ട് വിമാനത്തിൽ ഇരുന്നു.

അപ്പോൾ പൈലറ്റ് ഒരു അറിയിപ്പ് നൽകി. 'ഈ വിമാനം നിർമ്മിച്ചത് കഴിഞ്ഞ വർഷം നിങ്ങളുടെ കോളേജിൽ പഠിച്ചിറങ്ങിയ വിദ്യാർത്ഥികളാണ്. അവരിൽ വിശ്വാസം അർപ്പിച്ച് യാത്ര ചെയ്യുന്നതിന് നന്ദി.' അത് കേട്ടതും അധ്യാപകർ പരിഭ്രാന്തരായി. അവർ സീറ്റ് ബെൽറ്റ് അഴിച്ച് പുറത്തേക്കോടി.

എന്നാൽ സന്ദീപ്, മനോഹർ എന്നീ രണ്ടുപേർ മാത്രം യാതൊരു ഭയവും ഇല്ലാതെ അതിൽ ഇരുന്നു. പുറത്തോട്ടു കുതിച്ച ഒരു അധ്യാപകൻ, 'നിങ്ങൾ ഇറങ്ങുന്നില്ലേ?' എന്ന് ചോദിച്ചു. സന്ദീപ് 'അവർ നമ്മുടെ വിദ്യാർത്ഥികൾ അല്ലേ, അവരെപ്പറ്റി എനിക്ക് നന്നായി അറിയാം ഈ വിമാനത്തിന് ഒരു കുഴപ്പവും വരില്ല. പിന്നെ ഞാൻ എന്തിന് ഭയപ്പെടണം?'എന്ന് ചോദിച്ചു.

അജ്ഞാനത്തെ അകറ്റുന്ന സംവിധാനമാണ് വിദ്യാഭ്യാസം. ആ വിദ്യാഭ്യാസം പുസ്തകങ്ങളിൽ നിന്നു മാത്രമല്ല, ജീവിതത്തിൽ നിന്നും ലഭിക്കും.

നമ്മുടെ നാഗരികതയുടെ വളർച്ച മൂലമാണ് വീടുകളും കൊട്ടാരങ്ങളും നിർമ്മിച്ച് നാം വൻ നഗരങ്ങൾ സൃഷ്ടിച്ചത്. കൃഷി ജീവിത വൃത്തിയായി. ആരാണ് കലപ്പ കണ്ടുപിടിച്ചതെന്ന് നമുക്കറിയില്ല. പക്ഷേ ആ കണ്ടുപിടുത്തമാണ് നമ്മുടെ പട്ടിണി മാറ്റി കൃഷി വ്യാപകമാകാൻ സഹായിച്ചത്. അതേപോലെ ആരാണ് ചക്രം കണ്ടുപിടിച്ചതെന്നും നമുക്കറിയില്ല. അതാണ് നമ്മുടെ യാത്രകൾക്കും കുടിയേറ്റങ്ങൾക്കും ആധാരമായത്.

വെങ്കലം കണ്ടുപിടിച്ചപ്പോൾ അതുകൊണ്ട് ആയുധങ്ങൾ നിർമ്മിച്ചത് ഈജിപ്തിലെ രാജാക്കന്മാർ ആണ് . അതിനാലാണ് ഫറോമാരെ മറ്റാർക്കും തോൽപിക്കാൻ കഴിയാത്ത നില വന്നത്. ലോകത്തിലെ പ്രമുഖ രാജവംശമായിരുന്നു അവർ. ഇരുമ്പ് കണ്ടുപിടിച്ചപ്പോൾ ഭാരം കുറഞ്ഞ ആയുധങ്ങൾ ഉണ്ടാക്കാനായി. ഈജിപ്ത് വീഴുകയും റോം മുന്നിൽ വരികയും ചെയ്തു. തോക്കുകളും പീരങ്കികളും വന്നപ്പോൾ മറ്റ് ആയുധങ്ങൾ കാലഹരണപ്പെട്ടു. ബ്രിട്ടനും സ്പെയിനും വലിയ സാമ്രാജ്യങ്ങൾ ആയി മാറി.

ഫിസിക്സും കെമിസ്ട്രിയും പലർക്കും അറിയാത്ത ശാസ്ത്രശാഖകളാകാം. എന്നാൽ വെങ്കലം, ഇരുമ്പ്, തോക്കുകൾ എന്നിങ്ങനെ ലോകത്തെ വെല്ലുന്ന പല കണ്ടുപിടുത്തങ്ങളും ഇത് മൂലമാണ് ഉണ്ടായത്. വിദ്യാഭ്യാസം മൂലം നമുക്ക് ലഭിക്കുന്ന പാഠങ്ങൾ നാം എങ്ങനെ ഉപയോഗപ്പെടുത്തുന്നു എന്നതാണ് പ്രധാനം. ജീവിത പാഠങ്ങൾ വലിയ മാറ്റങ്ങൾ സൃഷ്ടിക്കും.

കുട്ടികളെ ജീവിത പാഠങ്ങൾ പഠിപ്പിക്കുക

ഒരു ഷോപ്പിംഗ് മാളിൽ ചുറുചുറുക്കോടെ ഓടി നടന്ന അഞ്ചു വയസ്സുള്ള ഒരു കുട്ടി എല്ലാവർക്കും അതിശയമായി മാറി. ആ കുട്ടിയുടെ മാതാപിതാക്കളെയാണ് അതിലും അതിശയത്തോടെ പലരും നോക്കിയത്! ആദ്യം അവൾ ഐസ് ക്രീം വാങ്ങി കഴിച്ചു. പിന്നിട് അവിടെയുള്ള ടോയ് കാറിൽ പല റൗണ്ട് യാത്ര ചെയ്തു. അര മണിക്കൂർ കഴിഞ്ഞപ്പോൾ മാളിലെ മറ്റൊരു ഫ്ലോറിൽ ഒരു കടയിലാണ് അവൾ. അവിടെ അവൾ കൈപ്പിടിയിലൊതുങ്ങാത്ത വിധം പാവകൾ പിടിച്ചിരിക്കുന്നു. എങ്കിലും വേറെ പാവകൾ കിട്ടുമോ എന്ന നോട്ടത്തിലാണ് അവൾ. 'മതി മതി നമുക്ക് പോകാം' എന്ന് പറഞ്ഞ അമ്മയോട് 'ഇനിയും കളിപ്പാട്ടം നോക്കണം ' എന്നായി അവൾ.

കുറച്ചു നേരം കഴിഞ്ഞ് അവർ അവിടത്തെ ഫുഡ് കോർട്ടിൽ പോയി. അവരുടെ ടേബിളിൽ മുന്നിൽ നിറയെ ചെറിയ പെട്ടികൾ. പെട്ടികൾ നിറഞ്ഞു കവിഞ്ഞിരിക്കുന്നു. പേരറിയാത്ത ഒരു വിദേശ ഫാസ്റ്റ് ഫുഡ് കഴിക്കുകയാണ് അവൾ ഇപ്പോൾ. അതിനു ശേഷം വീണ്ടും ഒരു ഐസ് ക്രീം അവൾ ചോദിച്ചു 'ഇല്ല, മോളെ ഇനി കഴിച്ചാൽ ശരീരത്തിൽ പിടിക്കില്ല' എന്ന് അമ്മ മറുത്തു പറയുന്നു കുഞ്ഞിന്റെ മുഖഭാവം മാറുന്നത് കണ്ട് ഐസ് ക്രീം ഓർഡർ ചെയ്തു അവർ.

ഇത് ഈ കുട്ടിയുടെ മാത്രം കഥയല്ല, ഭൂരിപക്ഷം വീടുകളിലും ഇതു തന്നെയാണ് സ്ഥിതി. കുട്ടികൾക്ക് എന്തെങ്കിലും വേണമെങ്കിൽ അമ്മയെ

സ്വാധീനിച്ചു വാങ്ങുന്നു. ഇങ്ങനെ നിർബന്ധം പിടിച്ചാൽ അച്ഛൻ വഴങ്ങില്ല എന്നതിനാലാകാം അമ്മയുടെ അടുത്ത് ഈ കൊഞ്ചൽ. 'എന്റെ കുഞ്ഞ് മിടുക്കനാണ്. കരഞ്ഞാലും അവൻ കാര്യം നേടും' എന്ന് പല അമ്മമാരും വീരവാദം മുഴക്കും.

കുട്ടികളുടെ ആശയല്ലേ എന്ന് കരുതിയും നമുക്ക് കിട്ടാത്ത സൗഭാഗ്യം കുട്ടി അനുഭവിക്കട്ടെ എന്ന് ചിന്തിച്ചും പല മാതാപിതാക്കളും അവരുടെ ആഗ്രഹങ്ങൾക്ക് വഴങ്ങിക്കൊടുക്കുന്നു.

കുട്ടി ആയിരിക്കുമ്പോൾ മാത്രമല്ല അവർ വളരുമ്പോഴും ഇത് തുടരുന്നു. അച്ഛൻ അറിഞ്ഞാൽ തടയുമോ എന്ന ഭയം മൂലം അമ്മമാർ രഹസ്യമായി തങ്ങളുടെ കുട്ടികളുടെ ആഗ്രഹങ്ങൾ നടത്തി കൊടുക്കുന്നു. ചെറിയ പ്രായത്തിൽ സൈക്കിളിൽ ആരംഭിക്കുന്നഈആഗ്രഹംകോളേജ്കാലത്ത്വില പിടിച്ച റേസിംഗ് ബൈക്കിൽ ചെന്ന് നിൽക്കുന്നു. സുഹൃത്തുക്കൾക്ക് പാർട്ടി കൊടുക്കാൻ മകന് രഹസ്യമായി അമ്മമാർ പോക്കറ്റ് മണി നൽകുന്നു. അമ്മയറിയാതെ അച്ഛന്റെ കൈയിൽ നിന്ന് രഹസ്യമായി പണം വാങ്ങുന്ന കുട്ടികളും ഉണ്ട്.

ഇതിന്റെ ഫലം എന്താണെന്ന് മാതാപിതാക്കൾ ആലോചിച്ചു നോക്കാറുണ്ടോ? 'ഇത് വേണ്ടത്, ഇത് വേണ്ടാത്തത് എന്നറിഞ്ഞ് കുട്ടികൾ ഓരോന്നും വാങ്ങുകയും വാങ്ങാതിരിക്കുകയും ചെയ്യേണ്ടതിനു പകരം എല്ലാം വാങ്ങിക്കൂട്ടുന്നത് അപകടകരമാണെന്ന് അവർ അറിയുന്നുണ്ടോ? അളവറിയാതെ ചെലവു ചെയ്താൽ തങ്ങളെ അതു ബാധിക്കും എന്നറിയാതെ ചെലവഴിക്കുന്ന കുട്ടികൾ വാശിയിൽ മുന്നിലാകാം, പക്ഷേ ഉത്തരവാദിത്ത ബോധത്തിൽ അവർ പിന്നിലാണ്.

കുട്ടികൾ ചോദിക്കുന്നതെല്ലാം നാം സമ്മതിച്ചു കൊടുത്താൽ അവരെ നാം വഷളാക്കുകയാണ്. മാത്രമല്ല എന്ത് പറഞ്ഞാൽ അച്ഛനെയും അമ്മയെയും അനുസരിപ്പിക്കാം എന്നും അവരെ നാം പഠിപ്പിക്കുകയാണ്. അവസാനം ശരിയായ മണ്ടന്മാർ എന്ന പേര് മാതാപിതാക്കൾക്ക് കിട്ടും.

വേണ്ടഎന്ന്പറയാനും ഇത്ആവശ്യമില്ലാത്തത് എന്ന് ഉറപ്പിച്ചു പറയാനുമുള്ള കഴിവ് ഇന്നത്തെ രക്ഷിതാക്കൾക്ക് അവശ്യമാണ്. 'നമുക്ക് ചോദിച്ചു നോക്കാം' എന്ന മനോഭാവം കുട്ടികൾക്ക് ഉണ്ടാകും. കുട്ടികളുടെ കെഞ്ചലുകൾ അവഗണിക്കുകയാണ് നാം ചെയ്യേണ്ട ആദ്യ നടപടി.

ഒരു വസ്തു വാങ്ങുന്നതും വാങ്ങി അനുഭവിക്കുന്നതുമാണ് സന്തോഷം തരുന്നതെന്ന ധാരണ അവരുടെ മനസ്സിൽ നിന്ന് അകറ്റണം. മാതാപിതാക്കൾക്കും കുട്ടികൾക്കും ഈ ധാരണ ഉണ്ടായാൽ മാത്രമേ വീണ്ടും വീണ്ടും വാങ്ങണം എന്ന ആഗ്രഹം ഇല്ലാതാകൂ.

ടിവിയിൽ വരുന്ന പരസ്യങ്ങൾ, ആകർഷകമായ ഡിസ്കൗണ്ടുകൾ. സെൽഫോണിൽ ഒരു വിരൽ തൊട്ടാൽ എന്തും വാങ്ങാവുന്ന സൗകര്യം ഇവയെല്ലാമാണ്പലരെയുംചഞ്ചലപ്പെടുത്തുന്നത്. 'ഏതാണ് അവശ്യം, ഏതാണ് ആഡംബരം' എന്ന് മാതാപിതാക്കൾ കുട്ടികളെ പറഞ്ഞു പഠിപ്പിക്കണം.

ഓരോ തവണ കടയ്ക്കു പോകുമ്പോഴും കുട്ടികൾക്ക് ഇത് ഇഷ്ടമാകും എന്ന് കരുതി ഓരോന്നും വാങ്ങരുത്. ഇങ്ങനെ ശീലമാക്കിയാൽ പറ്റില്ല എന്ന് പറയാൻ പിന്നിട് ബുദ്ധിമുട്ടാകും. അല്ലെങ്കിൽ നിരസിച്ചാൽ അവർ നിർബന്ധിക്കും.

പണത്തിന്റെ പ്രാധാന്യം പറഞ്ഞു കൊടുത്തു വേണം കുട്ടികളെ വളർത്താൻ. 'നമുക്ക് അത് വാങ്ങാൻ പറ്റില്ല. അതിനു നമുക്ക് വേണ്ട പണമില്ല' എന്ന് പറയരുത്. അതിനു പകരം അത്ര പണം സമ്പാദിക്കാൻ എത്ര കഷ്ടപ്പെടണമെന്ന് പറഞ്ഞു ബോധ്യപ്പെടുത്തണം. 'ഇത്ര കഷ്ടപ്പെട്ടു സമ്പാദിച്ച പണം ചെലവഴിക്കാൻ മാത്രം അതുണ്ടോ' എന്ന് ചിന്തിപ്പിക്കണം. അപ്പോൾ വാശി കുറയും.

പറ്റില്ല എന്ന് നിങ്ങൾ പറഞ്ഞാൽ അതിൽ ഉറച്ചു നിൽക്കണം. കുട്ടികൾ നിർബന്ധംപിടിക്കുന്നതു കണ്ട് നിങ്ങൾ തീരുമാനം മാറ്റിയാൽ കുട്ടിയെ പറഞ്ഞിട്ട് കാര്യമില്ല നിങ്ങളെയാണ് കുറ്റപ്പെടുത്തേണ്ടത്. അതേ പോലെ പറ്റില്ല എന്ന് പറയുമ്പോൾ അതിനു കാരണം ഇല്ല എന്ന് തന്നെയാകണം. ഇത് നിനക്ക് നല്ലതല്ല, നിനക്ക് ആവശ്യവുമില്ല അതിനാൽ ഇത് വേണ്ട എന്ന് തുറന്ന് പറയണം. വേറെ എന്ത് കാരണം പറഞ്ഞാലും അതിനു ഒരു തക്കതായ മറുപടി അവർക്ക് ഉണ്ടാകും.

മാതാപിതാക്കൾ അക്ഷയ പാത്രമായിരിക്കാം. അത് സ്നേഹം ചൊരിയുന്നതിലും അടുപ്പം കാട്ടുന്നതിലും ആകണം. മറ്റു വിഷയങ്ങളിൽ നിങ്ങൾ മൂടിവച്ച പാത്രങ്ങളെപ്പോലെ തന്നെ പെരുമാറണം. ഇല്ലെങ്കിൽ നിങ്ങളും കഷ്ടപ്പെടും, ഭാവിയിൽ നിങ്ങളുടെ കുട്ടികളും ബുദ്ധിമുട്ടും.

ജീവിതം മധുരതരമാക്കുന്ന പാഠങ്ങൾ

• എലി അബദ്ധത്തിൽ അരിപ്പെട്ടിയിൽ വീണു. പാത്രത്തിൽ കഴുത്തു വരെ അരി നിറഞ്ഞിരിക്കുന്നതിനാൽ അതിന് കുതിച്ചു ചാടി പുറത്തു വരാം. എന്നാൽ അത്രമാത്രം അരി ഒരിടത്ത് കണ്ട എലിക്ക് ജീവിത സാഫല്യമായി. ആരും അധികം വരാത്ത ഒരു സ്റ്റോർ റൂമിലാണ് താൻ എന്ന് എലിക്കു മനസ്സിലായി. ഇത്രമാത്രം ഭക്ഷണം ഇരിക്കുമ്പോൾ എന്തിനു വെളിയിൽ പോകണം എന്നായി അതിന്റെ ചിന്ത. ഓരോ ദിവസവും എലി സമൃദ്ധമായി അരി തിന്നു. ചുരുങ്ങിയ ദിവസം കൊണ്ട് പാത്രം കാലിയായി. പാത്രത്തിന്റെ അടിയിൽ പെട്ട എലിക്ക് പല തവണ ശ്രമിച്ചിട്ടും പുറത്തു ചാടാൻ കഴിഞ്ഞില്ല. ഗ്ലാസ് പാത്രം ആയതിനാൽ ചാടുമ്പോൾ വഴുക്കി വഴുക്കി അത് താഴെ വീണു. അവസാനം അതിൽ കിടന്നു ചത്തു പോയി എലി.

• ചില അവസരങ്ങളിൽ പ്രശ്നങ്ങൾ നമ്മെ തേടി വരും. പക്ഷേ പല തവണയും നാം തന്നെയാണ് പ്രശ്നങ്ങളിൽ ചെന്നു പെടുന്നത്. സത്യം മനസ്സിലാക്കി പുറത്തു വരുമ്പോൾ കാലം ഏറെ കഴിഞ്ഞിരിക്കും.

• എപ്പോഴും കാരറ്റ് കഴിച്ചു കൊണ്ടിരുന്ന മുയലിന് മീൻ കഴിക്കാൻ മോഹം. കാട്ടിൽ കൂടി ഒഴുകുന്ന ആറ്റിൽ ചൂണ്ട ഇട്ട് മീൻ പിടിക്കാൻ മുയൽ പോയി.ഒരു ദിവസം മുഴുവൻ ചൂണ്ട ഇട്ടിട്ടും ഒരു മീൻ പോലും കിട്ടിയില്ല. അടുത്ത ദിവസവും വലിയ ആഗ്രഹത്തോടെ മുയൽ ചൂണ്ടയിടാൻ പോയി. ചൂണ്ട ഇട്ട ഉടനെ തന്നെ ഒരു മീൻ കുതിച്ചു വന്ന് മുയലിന്റെ മുഖത്തു കൊത്തി ദേഷ്യത്തിൽ ഇങ്ങനെ പറഞ്ഞു, 'നിനക്ക് മീൻ കഴിക്കാൻ വലിയ മോഹം

ഉണ്ടാകും. പക്ഷേ അതിനു ചൂണ്ടയിൽ ഇരയ്ക്കു പകരം കാരറ്റ് വച്ചാൽ ഏതു മീൻ അത് വിഴുങ്ങും? ഞങ്ങൾ ഒരിക്കലും സസ്യാഹാരികളായി മാറില്ല' എന്ന് പറഞ്ഞ് അത് ആറ്റിലേക്ക് കുതിച്ചു.

പലപ്പോഴും നാം ഇങ്ങനെ സ്വപ്ന ലോകത്തിലാണ് കഴിയുന്നത്. അടുത്തവർക്ക് ഇതാണ് ഇഷ്ടം, ഇതാണ് മറ്റുള്ളവർക്ക് അവശ്യം എന്നൊക്കെ നാം സങ്കൽപിച്ചു കൊണ്ട് നമ്മുടെ ആഗ്രഹങ്ങൾ അവരുടെ മേൽ ചുമത്തുന്നു. അവർക്ക് എന്താണ് അവശ്യം എന്ന് ശരിയായി കണ്ടറിയാൻ നമുക്ക് കഴിയുന്നില്ല

• പ്രശസ്തനായ ഒരു പണ്ഡിതൻ ഒരു വിരുന്നിൽ പങ്കെടുത്തു. അദ്ദേഹത്തിന്റെ അടുത്ത് പരിചയമില്ലാത്ത ഒരു പെൺകുട്ടി വന്നിരുന്നു. അവൾക്ക് പണ്ഡിതനെ പറ്റി അറിയില്ല. സംസ്കാരം മാനിച്ച് ആ പെൺകുട്ടിയുമായി പണ്ഡിതൻ സംസാരിച്ചു. 'നിങ്ങളെ കാണാൻ നല്ല ഭംഗിയുണ്ട്. നിങ്ങളുടെ വസ്ത്രം വളരെ മോഡേൺ ആണ്' എന്ന് ആ പെൺകുട്ടിയെ അദ്ദേഹം പുകഴ്ത്തി. എന്നാൽ ആ പെൺകുട്ടി ഒട്ടും സംസ്കാരമില്ലാതെ 'നിങ്ങളെ ഇങ്ങനെ പുകഴ്ത്താൻ കഴിയാത്തതിൽ ഖേദിക്കുന്നു' എന്ന് പണ്ഡിതന്റെ രൂപ ഭാവത്തെ നോക്കി പറഞ്ഞു. 'ഓ, അതു കൊണ്ടെന്താ.ഞാൻ താങ്കളെ സുന്ദരിയെന്നു നുണ പറഞ്ഞതു പോലെ എന്നെയും താങ്കൾക്കു പുകഴ്ത്താം.'

നാം അടുത്തവർക്ക് എന്ത് കൊടുക്കുന്നുവോ അതായിരിക്കും നമുക്ക് തിരികെ ലഭിക്കുക.

• ഗ്രാമത്തിൽ ഒരു വൃദ്ധന് തൊണ്ടയിൽ മുഴ വന്നിട്ട് അത് ചികിത്സിക്കാൻ ഒരു ഡോക്ടറുടെ അടുത്തു പോയി. മുഴ പരിശോധിച്ച് മരുന്ന് എഴുതി കൊടുത്ത ഡോക്ടർ എന്തോ സംശയം തോന്നി വിശദമായി വിവരങ്ങൾ അന്വേഷിച്ചു. അത് കാൻസർ ആകുമോ എന്ന സംശയം അദ്ദേഹത്തിനു തോന്നി. അതിനാൽ അത് ചില പരിശോധനകൾക്ക് വിധേയമാക്കാൻ ഡോക്ടർ തീരുമാനിച്ചു. അതിനായി ആ മുഴയിൽ നിന്ന് ചെറിയൊരു സാമ്പിൾ ശേഖരിച്ചു പരിശോധനയ് ക്ക്. വിദ്യാഭ്യാസം ഇല്ലാത്ത ആ രോഗി അത് ഒരു ചികിത്സയാണ് എന്ന് കരുതി.

കുറച്ചു നാളുകൾക്കു ശേഷം തന്നെ വന്നു കാണാൻ ഡോക്ടർ അയാളോട് പറഞ്ഞു. അതിനുള്ളിൽ ബയോപ്സി റിപ്പോർട്ട് വന്നു. ആ മുഴ കാൻസർ തന്നെ എന്ന് പരിശോധനയിൽ സ്ഥിരീകരിക്കപ്പെട്ടു. ഡോക്ടർ അക്കാര്യം മടിച്ചു മടിച്ചു വൃദ്ധനോടു പറഞ്ഞു. വൃദ്ധന് യാതൊരു ഭാവഭേദവും ഇല്ല 'അതിനാൽ അല്ലേ താങ്കൾ ഇത്തിരി ഭാഗം മുറിച്ചെടുത്തത് കൂടാതെ ഗുളികകളും തന്നു. അതിനാൽ എല്ലാം ശരിയാകും' വൃദ്ധൻ പറഞ്ഞു. 'പരിശോധന ഇയാൾ ചികിത്സ ആണെന്ന് കരുതുന്നു. ഇയാളെ എങ്ങനെ കാര്യങ്ങൾ പറഞ്ഞ് ബോധ്യപ്പെടുത്തും' എന്ന ആധിയിലായി ഡോക്ടർ. കാൻസർ വഷളാകുമോ എന്ന ഭയത്തിൽ ഡോക്ടർ ആലോചനയിൽ മുഴുകി ഇരിക്കുമ്പോൾ രോഗി അവിടം വിട്ടുപോയിരുന്നു.

രണ്ടു വർഷങ്ങൾക്കു ശേഷം വൃദ്ധൻ വേറെ ഏതോ പരിശോധനക്ക് അതേ ഡോക്ടറുടെ അടുത്തു വന്നു. അയാളുടെ തൊണ്ടയിലെ മുഴ പോയതു കണ്ട ഡോക്ടർക്ക് അതിശയമായി. വീണ്ടും പരിശോധന നടത്തി നോക്കിയ ഡോക്ടർ ഫലം കണ്ട് അതിശയിച്ചു രോഗിയുടെ കാൻസർ ഭേദമായിരിക്കുന്നു.

വിശ്വാസത്തോടെ എന്ത് ചെയ്താലും ആരും പ്രതീക്ഷിക്കാത്ത ഗുണങ്ങൾ ഉണ്ടാകും. നമ്മുടെ ജീവിതം തലകീഴായി മാറും.

• വേഗത്തിൽ ഓടിക്കൊണ്ടിരുന്ന ട്രെയി നിൽ പടിക്കെട്ടിൽ നിന്ന് ഫോണിൽ സംസാരിക്കുകയാണ് ഒരു യുവാവ്. ട്രെയിൻ പെട്ടെന്ന് വേഗം കൂട്ടി കുതിച്ചപ്പോൾ അയാളുടെ ബാലൻസ് തെറ്റി. അപ്പോൾഅവന്റെവലതുകാലിൽഅണിഞ്ഞിരുന്ന പുതിയ ചെരുപ്പ് തെറിച്ചു പോയി.അത് കണ്ട സഹയാത്രികർ അവനോടു സഹതാപം പ്രകടിപ്പിച്ചു. അവൻ മറ്റൊന്നും ആലോചിക്കാതെ തന്റെ ഇടതു കാലിലെ ചെരുപ്പ് കൂടി വലിച്ചെറിഞ്ഞു. 'നല്ല വിലയുള്ള ചെരുപ്പാണല്ലോ.എന്താണ് വലിച്ചെറിഞ്ഞത്?' ഒരാൾ ചോദിച്ചു. 'അതിന് എത്ര വില ഉണ്ടെങ്കിലും ഒരു ചെരുപ്പ് വച്ച് എനിക്ക് ഒന്നും ചെയ്യാൻ പറ്റില്ല. അത് കിട്ടുന്നുവർക്കും ഒരു ഗുണവും ഇല്ല. അത് ആർക്കെങ്കിലും ജോഡിയായി കിട്ടിയാൽ ഉപകാരമാകും. അതിനാലാണ് ചെരുപ്പ് വലിച്ചെറിഞ്ഞത്,' യുവാവ് പറഞ്ഞു.

ഒരു പ്രവൃത്തി കൊണ്ട് നമുക്ക് ഗുണം ഇല്ലെങ്കിൽ അത് തുടക്കത്തിലേ വേണ്ടെന്നു വയ്ക്കുന്നതാണ് അഭികാമ്യം. •

കഥാനേരം
ആരെ തോൽപിക്കണം?

ഒരു കുട്ടി ഗ്രാമത്തിൽ നടന്ന ഓട്ടപ്പന്തയത്തിൽ പങ്കെടുത്തു. അവനേക്കാൾ വലിയ രണ്ടു പേരുമായാണ് മത്സരം. ആ കുട്ടി പരാജയപ്പെടും എന്ന് കാണികൾക്ക് ഉറപ്പായിരുന്നു. എന്നാൽ എല്ലാവരേയും ആശ്ചര്യപ്പെടുത്തി അവൻ തികഞ്ഞ മനസ്സാന്നിധ്യത്തോടെയും ആത്മവിശ്വാസത്തോടെയും ഓടി. കാണികൾ കൈയടിച്ചു പ്രോൽസാഹിപ്പിച്ചപ്പോൾ അവൻ ഓടി ഒന്നാമതെത്തി.

ആ കുട്ടിക്ക് അത് വലിയ നേട്ടമായി.അടുത്ത മത്സരത്തിലും അതേ ഉത്സാഹത്തോടെ അവൻ മത്സരിച്ചു. അവനുമായി മത്സരിച്ചത് രണ്ടു യുവാക്കൾ. അവനേക്കാളും തടിയും വലുപ്പവും അവർക്കുണ്ട്. ഇത്തവണയും അവൻ ആവേശത്തോടെ ഓടി ഒന്നാമതെത്തി.

നാട്ടുകാർ നൽകിയ പ്രോത്സാഹനം അവന് കൂടുതൽ ആത്മവിശ്വാസം നൽകി. 'അടുത്ത മത്സരത്തിനും ഞാൻ റെഡി' എന്ന് അവൻ പ്രഖ്യാപിച്ചു. കൂട്ടത്തിൽ ഉള്ള ഒരാൾ ഇത് ശ്രദ്ധിച്ചു. അയാൾ കുട്ടിയെ വിളിച്ചു. ഒരു വൃദ്ധൻ, ഒരു അന്ധൻ എന്നിവരെ കാട്ടി അവർക്കൊപ്പം ഓടാൻ അയാൾ കുട്ടിയോടു പറഞ്ഞു.

ആ വൃദ്ധനും അന്ധനും എങ്ങനെ ഓടണമെന്ന് അന്തിച്ചു നിൽക്കെ അവൻ ഓടി വിജയവര തൊട്ടു. എന്നാൽ കൂട്ടത്തിൽ ഉള്ള ആരും അവനെ കൈയടിച്ചു പ്രോത്സാഹിപ്പിച്ചില്ല. കുട്ടി വിഷമത്തോടെ അയാളെ നോക്കി. 'അവരെയും കൂട്ടി ഓടി നോക്കുക' അയാൾ കുട്ടിയെ ഉപദേശിച്ചു. കുട്ടി അൽപ നേരം ആലോചിച്ചു. പിന്നിട് ഇരുവരെയും പിടിച്ചു കൊണ്ട് നടന്ന് വിജയ വര തൊട്ടു. ജനക്കൂട്ടം ഇളകി അവന് കൈയടിച്ചു.

'ഞാൻ ഒറ്റയ്ക്ക് ഓടി വിജയിച്ചപ്പോൾ കൈയടിക്കാത്തവർ ഇപ്പോൾ എന്തിനാണ് കൈയടിച്ചത്' അവൻ ചോദിച്ചു.

ഏതിലാണ് നിങ്ങളുടെ ശ്രദ്ധ?

ഒരു ഓഫീസിൽ ജോലിക്ക് ചേർന്ന രമേഷ് ഒരാഴ്ച കഴിയുന്നതിനു മുമ്പേ മാനേജരെ കണ്ട് താൻ ജോലി രാജി വയ്ക്കുന്നു എന്ന് പറഞ്ഞു. മാനേജർ അവന്റെ വിഷമം കണ്ട് പ്രശ്നം ആരാഞ്ഞു.

'ഇവിടെ ആരും ശരിയല്ല. അറ്റൻഡർമാരിൽ പലരും ചീത്ത കാര്യങ്ങൾ പറയുന്നു. ജോലിക്കാർ മറ്റുള്ളവരെ പറ്റി ഓരോ കുറ്റം പറയുന്നു. പലർക്കും ജോലി തന്നെ അറിയില്ല. ഈ സാഹചര്യത്തിൽ ഞാൻ ഇവിടെ തുടർന്നാൽ എന്റെറ ഗതിയും മോശമാകുമെന്നു തോന്നുന്നു,' രമേഷ് പറഞ്ഞു.

മാനേജർ അവനെ സ്നേഹപൂവം നോക്കി പറഞ്ഞു, 'ശരി നിന്നെ ഞാൻ തടുക്കുന്നില്ല. അതിനു മുമ്പ് എനിക്ക് നീ ഒരു ജോലി ചെയ്തു തരണം. ഈ ഗ്ലാസിൽ നിറയെ വെള്ളം ഉണ്ട്. അതെടുത്ത് ഈ ഈ കോണിൽ നിന്ന് ആ കോൺ വരെ മൂന്ന് തവണ പോയി വരണം.ഒരു തുള്ളി വെള്ളം താഴെ പോകരുത്.'

മാനേജർ എന്തിനാണ് ഇത് പറഞ്ഞത് എന്ന് മനസ്സിലായില്ലെങ്കിലും രമേഷ് അങ്ങനെ ചെയ്തു. 'നീ ഇപ്പോൾ ഓഫീസ് ചുറ്റിയപ്പോൾ അറ്റൻഡ ചീത്ത വാക്ക് പറയുന്നതോ സഹജീവനക്കാർ കുറ്റം പറയുന്നതോ കേട്ടോ?' അയാൾ ചോദിച്ചു. 'ഇല്ല' രമേഷ് പറഞ്ഞു.

'നിനക്ക് എന്തു കൊണ്ട് അത് കേൾക്കാൻ കഴിഞ്ഞില്ല?' എന്ന് മാനേജർ ചോദിച്ചപ്പോൾ മറുപടി പറയാൻ രമേഷിന് കഴിഞ്ഞില്ല. മാനേജർ പറഞ്ഞു, 'നിന്റെ ശ്രദ്ധ മുഴുവനും ഗ്ലാസിലായിരുന്നു. അതിനാൽ മറ്റു കാര്യങ്ങൾ ശ്രദ്ധിച്ചില്ല. ജീവിതത്തിലും ഇങ്ങനെ തന്നെയാണ്. നീ ഏതാണോ പ്രധാനമായി കരുതുന്നത് അതിൽ ശ്രദ്ധ വേണം അപ്പോൾ വേണ്ടാത്ത കാര്യങ്ങൾ നമ്മുടെ ശ്രദ്ധയിൽ വരില്ല. '

'ഇപ്പോൾ എല്ലാം എനിക്ക് മനസ്സിലായി. ഇനി ഞാൻ എന്റെ ജോലി ചെയ്തു കൊള്ളാം,' രമേഷ് പറഞ്ഞു.



'മുൻ മത്സരങ്ങളിലെ വിജയത്തേക്കാൾ ഇത് വലിയ വിജയമാണ്. കാരണം നീ ജനങ്ങളുടെ ബഹുമാനം നേടിയിരിക്കുന്നു. ഇതാണ് നീ നേടേണ്ടത്. നമ്മേക്കാൾ പിന്നിൽ നിൽക്കുന്നവരെ കൂട്ടി യാത്ര ചെയ്യുന്നതിലും വലിയ പ്രവൃത്തി ഇല്ല' അയാൾ പറഞ്ഞു.

'ഞാൻ' എന്ന കാഴ്ചപ്പാട്

ഒരു ജ്ഞാനിയെ കണ്ട് ഒരു രാജാവ് തനിക്ക് യാതൊരു മനസ്സമാധാനവും ഇല്ല എന്ന് പരാതിപ്പെട്ടു. 'എന്താണ്, താങ്കളുടെ നാടിന് എന്തെങ്കിലും ആപത്തു വരുന്നുവോ?' ജ്ഞാനി ചോദിച്ചു.

'ഇല്ല. എന്റെ നാടിന് ശത്രുക്കളുടെ ഭീഷണി ഇല്ല. എല്ലാവരും ക്ഷേമത്തോടെ കഴിയുന്നു.മോഷ്ടാക്കളുടെ ശല്യവും ഇല്ല. നാട് സമ്പദ്സമൃദ്ധമായതിനാൽ അധിക നികുതി ചുമത്താറില്ല.നീതി പരിപാലനവും നന്നാണ്. എല്ലാവരും സന്തുഷ്ടരാണ്,' രാജാവ്പറഞ്ഞു. 'പിന്നെഎന്തുകൊണ്ടാണ് താങ്കൾക്ക് മനസ്സമാധാനം ഇല്ലാത്തത്?' ജ്ഞാനി വീണ്ടും ചോദിച്ചു.

'അതാണ് എനിക്കും മനസ്സിലാകാത്തത്. രാജ പദവി എനിക്ക് മുൾക്കിരീടം പോലെ തോന്നുന്നു,' രാജാവ് പറഞ്ഞു

'അങ്ങനെയെങ്കിൽ രാജ്യം എന്നെ ഏൽപിക്കണം' ജ്ഞാനി പറഞ്ഞു. ഒരു നിമിഷം പോലും ആലോചിക്കാതെ അത് എടുത്തു കൊള്ളാൻ രാജാവ് ജ്ഞാനിയെ അനുവദിച്ചു.

അപ്പോൾ ജ്ഞാനി, 'ഇന്ന് മുതൽ ഈ നാട് എന്റേതാണ്. എന്റ പ്രതിനിധിയായി നീ നാട് ഭരിക്കുക. ഞാൻപിന്നിട്വരാം'ജ്ഞാനിപറഞ്ഞു. രാജാവ് അതിനും സമ്മതിച്ചു.

ഒരു വർഷം കഴിഞ്ഞ് ജ്ഞാനി എത്തി. രാജാവ് ഇപ്പോൾ സന്തുഷ്ടനാണ്. ജ്ഞാനിയെ സ്വീകരിച്ച് ഉപചാരങ്ങൾ ചെയ്തു. 'ശരി, ഇപ്പോൾ എങ്ങനെയുണ്ട് മനസ്സമാധാനം?' ജ്ഞാനി ചോദിച്ചു. 'മനസ്സമാധാനവും സന്തോഷവും ഇപ്പോൾ എനിക്കുണ്ട്' രാജാവ് മറുപടി നൽകി.

'അപ്പോൾതാങ്കൾഇത്താങ്കളുടേത് എന്ന് കരുതി. ഇപ്പോൾ ഇത് എന്റേതല്ല, ഞാൻ ഇതിന്റെ പ്രതിനിധി മാത്രമാണ് എന്ന് കരുതുന്നു. ആ ധാരണയാണ് എല്ലാത്തിനും കാരണം. ഞാൻ എന്ന കാഴ്ചപ്പാടിൽ നോക്കുമ്പോൾ എല്ലാ പ്രശ്നങ്ങളും താങ്കളെ ചുറ്റി നിൽക്കും. 'ഇത് എന്റേതല്ല,എനിക്ക് നൽകപ്പെട്ടതാണ് എന്ന കണക്കു കൂട്ടൽ വരുമ്പോൾ എല്ലാ വിഷമങ്ങളും ഇല്ലാതാകും,' ജ്ഞാനി പറഞ്ഞു. ●

വെണ്മ

പുതിയ കാഴ്ചകൾ

വോള്യം 8 ലക്കം 7

മാർച്ച് 2026

ഓണററി എഡിറ്റർ

കെ ആർ നാഗരാജൻ

പത്രാധിപർ

ടി ജെ ജ്ഞാനവേൽ

എക്സിക്യൂട്ടീവ് എഡിറ്റർ

സെബാസ്റ്റ്യൻ ജോസഫ്

അസിസ്റ്റന്റ് എഡിറ്റർ

വേണുഗോപാൽ എസ്

പ്രൊഡക്ഷനും ഡിസൈനും

തരു മീഡിയ (പ്രൈ) ലിമിറ്റഡ്,

നം. 188, ഗ്രൗണ്ട് ഫ്ലോർ,

14-ആമത് ക്രോസ് സ്ട്രീറ്റ് ജങ്ഷൻ,

ഡിഫെൻസ് കോളനി,

ഈക്കാട്ടുതാങ്കൽ,

ചെന്നൈ - 600 032

മൊബൈൽ - 9952920801

ഈ മാസികയുടെ ഒരു ഭാഗവും രേഖാപൂർവമുള്ള മുൻകൂർ അനുമതിയില്ലാതെ ഇലക്ട്രോണിക് മാധ്യമങ്ങൾ അടക്കം പുനപ്രസിദ്ധീകരിക്കുന്നത് പകർപ്പവകാശ നിയമനുസരിച്ച് നിരോധിക്കപ്പെട്ടിരിക്കുന്നു.

Published by

K.R. NAGARAJAN,

Published from10, Sengunthapuram

Mangalam Road, TIRUPUR–641 604.

Email: venmaii@ramrajcotton.net

കണ്ണുകളിൽ തെളിയുന്ന ലോകം

ഗാലപ്പഗോസിലേക്ക് ഒരു ബ്രിട്ടീഷ് കപ്പലായ ബ്യൂഗിളിൽ ഡാർവിൻ പോയിരുന്നില്ലെങ്കിൽ, അവിടത്തെ ജൈവ വൈവിധ്യം അദ്ദേഹത്തിന്റെ ചിന്തകളിൽ വൈദ്യുതധാര കടത്തി വിട്ടിരുന്നില്ലെങ്കിൽ മനുഷ്യകുലത്തിന്റെ പരിണാമത്തെ പറ്റി ഒരു പക്ഷേ ഇന്നും നാം അഞ്ജരായി തുടർന്നേനെ. പിൽക്കാലത്ത് മനുഷ്യനെ പറ്റിയുള്ള ഓരോ കണ്ടുപിടിത്തങ്ങൾക്കു പിന്നിലും ഈ പഠനം ഉണ്ട്. അതേ പോലെ നമ്മുടെ പൂർവികർഇരുമ്പുംചെമ്പുംകണ്ടുപിടിച്ചിരുന്നില്ലെങ്കിൽ. കലപ്പയും ചക്രവും കണ്ടു പിടിച്ചിരുന്നില്ലെങ്കിൽ. എന്തിന് ചില പുൽ നാമ്പുകൾ കൃഷി ചെയ് താൽ നമുക്ക് വേണ്ട ആഹാരം ഉണ്ടാക്കാൻ കഴിയുമെന്ന് കണ്ടെത്തിയിരുന്നില്ലെങ്കിൽ നമ്മുടെ ജീവിതം ഇന്നും നായാടികൾക്ക് തുല്യമായി തുടർന്നേനെ. നമ്മുടെ നാഗരിക ജീവിതത്തിന്റെ ആരംഭം കൃഷിയുടെ തുടക്കത്തോടെയാണ് .ലോഹങ്ങളുടെ കണ്ടു പിടുത്തത്തോടെ നമ്മുടെ നാഗരികതയിൽ വലിയ മാറ്റമുണ്ടായി. ഇന്ന് ജന്മാന്തര രഹസ്യങ്ങൾ അറിഞ്ഞ് ചികിത്സയിൽ പോലും, നമ്മുടെ പ്രായത്തിൽ പോലും മാറ്റം വരുത്താൻ കഴിയുന്ന വിധം ലോകം മാറി മറിയുകയാണ്.ഇതിനെല്ലാംപിന്നിൽനമ്മുടെകണ്ണുകൾ ആണ്. നമ്മുടെ ജീവിത പാഠങ്ങൾ ആണ്. ജീവിതം തന്ന വിദ്യാഭ്യാസമാണ് നമ്മെ മുന്നോട്ടു നയിക്കുന്നത് .

നാം പാരമ്പര്യമായും അല്ലാതെയും നേടിയ അറിവുകൾ ഒരു പരിധി നമുക്ക് പൊതു വിദ്യാഭ്യാസത്തിൽ ലഭിക്കുന്നു. അതനുസരിച്ച് നമുക്ക് ജീവിതത്തിലും തൊഴിലിലും വ്യവസായത്തിലും സാമൂഹിക ബന്ധത്തിലും മാറ്റം വരുത്താൻ കഴിയുന്നു. പക്ഷേ അത് കൊണ്ടു മാത്രം ആയില്ല. ജീവിതത്തിൽ മുന്നേറാനും നേട്ടങ്ങൾ കൈവരിക്കാനും വീഴ്ചകളിൽ നിന്ന് രക്ഷപ്പെടാനും അതിന് നൈസർഗ്ഗികമായ ജീവിത അറിവ് തന്നെ വേണം അല്ലെങ്കിൽ അനുഭവങ്ങൾ എന്ന ഉലയിൽ പാകം ചെയ്താലേ നമുക്ക് മുന്നേറാൻ ആകൂ. തീക്ഷ്ണമായ ജീവിതാനുഭവങ്ങളും അതിനോട് പ്രതികരിക്കുന്ന ശക്തമായ മനസ്സും ഉണ്ടെങ്കിലേ ഈ പ്രക്ഷുബ്ധമായ ലോകത്തിൽ നമുക്ക് മുന്നോട്ടു പോകാൻ കഴിയൂ .

അതിന്നാംജീവിതംനൽകുന്നപാഠങ്ങൾപഠിക്കണം. അനുഭവമുള്ള പൂർവികർ നൽകുന്ന ഉൾക്കാഴ്ച മനസ്സിലാക്കണം.അതനുസരിച്ച് പ്രവർത്തിക്കുകയും മുന്നോട്ടു പോകുകയും വേണം . ●


Bamboo
Comfort
The softest touch your skin remembers
RAMRAJ
mithu®
TOWELS
Bamboo Towels | Terry Towels | Signature Towels
Striped Towels | Chequered Towels
Premium Cotton | High Absorption | Quick Drying | Super Soft
Available at Ramraj showrooms and all leading textile shops | www.ramrajcotton.in
STORE LOCATION


RAMRAJ
CULTURE CLUB®
MATCHING DHOTIS • SHIRTS
Festive
Looks
Perfectly
Aligned
Available at Ramraj Showrooms And All Leading Textile Shops


RAMRAJ
ACHARYA®
PANCHAKACHAM DHOTIS
Shop Online @ www.ramrajcotton.in

Available at Ramraj Showrooms and All Leading Textile Shops | Shop Online at www.ramrajcotton.in

RAMRAJ

നിങ്ങളുടെ വീട്ടിൽ വെണ്മ എത്തണ്ടേ?

വെണ്മ

വരിക്കാരാകൂ

'ഉന്നതമായ ചിന്തകൾ ലോകമെമ്പാടും എത്തേണ്ടതുണ്ട്' എന്ന ഉൽകൃഷ്ടമായ ലക്ഷ്യത്തിൽ മികവുറ്റ ലക്കങ്ങൾ തുടർന്നും എത്തിച്ചു കൊണ്ടിരിക്കുകയാണ് വെണ്മ. ഓരോ കുടുംബവും അമൂല്യമായ നിധി പോലെ സൂക്ഷിക്കേണ്ട ഒന്നാണ് ഈ ലക്കം

ഒരു വർഷം സബ്സ്ക്രിപ്ഷൻ 200 രൂപ
രണ്ട് വർഷം സബ്സ്ക്രിപ്ഷൻ 380 രൂപ

VENMAII എന്ന പേരിൽ എഴുതിയ/എടുത്ത ചെക്ക്/ഡിഡി അയക്കുക. അതിന്റെ പിൻഭാഗത്ത് നിങ്ങളുടെ പേരും വിലാസവും എഴുതണം.

അല്ലെങ്കിൽ

VENMAII എന്ന പേരിലുള്ള ബാങ്ക് അക്കൗണ്ടിൽ (A/C No:1809135000000299 Karur Vysya Bank, Tirupur SR Nagar Branch - IFSC: KVBL0001809) പണം ചെലുത്തി ആ രസീതിന്റെ പകർപ്പ് സബ്സ്ക്രിപ്ഷൻ ഫോമിനോടൊപ്പം അയക്കാം.

വെണ്മ
രാംരാജ് വി ടവർ.
10, ചെങ്കുന്തപുരം, മംഗലം റോഡ്,
തിരുപ്പൂർ-641 604
email: venmaii@ramrajcotton.net

സബ്സ്ക്രിപ്ഷൻ അടയ്ക്കാനും വെണ്മ ലക്കം മൊത്തത്തിൽ വാങ്ങാനും ബന്ധപ്പെടു.
ഫോൺ:
0421-4304106, 98422 74137

ഒരു നിമിഷം കൊണ്ട് വെണ്മയുടെ വരിക്കാരാകാം

1. നിങ്ങളുടെ സബ്സ്ക്രിപ്ഷൻ എന്നിവ വഴി അടയ്ക്കാം. PhonePe G Pay

UPI ട്രാൻസാക്ഷനിലൂടെയും മൊബൈൽ ഫോൺവഴിയും വെണ്മയുടെ ബാങ്ക് അക്കൗണ്ടിലേക്ക് സബ്സ്ക്രിപ്ഷൻ തുക അടയ്ക്കാം. വെണ്മ UPI id: kvbupiqr.75626@kvb

Bharat QR code സൗകര്യമുള്ള മൊബൈൽ ബാങ്കിങ് ആപ്പ് ഉപയോഗിക്കുന്നവർ, അതിൽ ഇവിടെ നൽകിയിരിക്കുന്ന വെണ്മയുടെ ബാങ്ക് അക്കൗണ്ടിന്റെ QR code സ്കാൻ ചെയ്ത് സബ്സ്ക്രിപ്ഷൻ തുക അടയ്ക്കാം.

2. പണം അടച്ചതായി ബാങ്കിൽ നിന്നുള്ള സന്ദേശം Forward ചെയ്യൂ

3. അതോടൊപ്പം പൂർണമായ മേൽവിലാസവും മൊബൈൽ ഫോൺ നമ്പരും വാട്സ്ആപ്പ് ചെയ്യൂ. മൊബൈൽ ഫോൺ നം: 98422 74137

ബാങ്ക് അക്കൗണ്ട് വിശദാംശങ്ങൾ:
Venmaii
A/C No: 1809135000000299, Karur Vysya Bank
Tirupur SR Nagar Branch, IFSC Code :KVBL0001809.

വിദ്യാർത്ഥികൾക്ക് പ്രത്യേക കിഴിവ്

ഒരു വർഷത്തെ സബ്സ്ക്രിപ്ഷൻ
രൂപ ~~200~~ രൂപ 125 മാത്രം

രണ്ട് വർഷത്തെ സബ്സ്ക്രിപ്ഷൻ
രൂപ ~~380~~ രൂപ 250 മാത്രം

(ആറാം ക്ലാസിനു മുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കാണ് ഈ സൗജന്യം. സബ്സ്ക്രിപ്ഷൻ പണം അടയ്ക്കുമ്പോൾ വിദ്യാർത്ഥികൾ തിരിച്ചറിയൽ കാർഡിന്റെ പകർപ്പും അയക്കണം)

സീനിയർ സിറ്റിസൺ പ്രത്യേക കിഴിവ്

ഒരു വർഷത്തെ സബ്സ്ക്രിപ്ഷൻ
രൂപ ~~200~~ രൂപ 125 മാത്രം

രണ്ട് വർഷത്തെ സബ്സ്ക്രിപ്ഷൻ
രൂപ ~~380~~ രൂപ 250 മാത്രം

(60 വയസ്സിനു മുകളിലുള്ളവർക്കാണ് ഈ സൗജന്യം. സബ്സ്ക്രിപ്ഷൻ പണം അടയ്ക്കുമ്പോൾ ജനനത്തീയതിയുടെ തെളിവിന്റെ പകർപ്പും അയക്കണം)

ഷോറൂമുകളിൽ നിന്ന് 10,000 രൂപയ്ക്കു മേൽ ഉൽപന്നങ്ങൾ വാങ്ങുന്നവർക്ക്
ഒരു വർഷത്തെ സബ്സ്ക്രിപ്ഷൻ സമ്മാനമായി നൽകും

ക്ഷേമം നൽകുന്ന സൗഹൃദം

നമുക്ക് കാലിടറുമ്പോൾ താങ്ങാകാൻ സുഹൃത്തുക്കൾ വേണം. ഗതി മാറുമ്പോൾ നേർവഴിക്ക് നയിക്കാൻ നല്ല സുഹൃത്തുക്കൾ വേണം. ദുഃഖത്തിൽ ആശ്വസിപ്പിക്കാൻ, അരികിൽ ചില സുഹൃത്തുക്കൾ വേണം. സ്നേഹം നൽകി നമ്മെ കരുത്തരാക്കാൻ സുഹൃത്തുക്കൾ വേണം.

അൽപം പരുക്കനാണെങ്കിലും കാത്തു നിൽക്കാൻ ഒരു സുഹൃത്തും വേണം. വഴിവിളക്കായി ചില സുഹൃത്തുക്കളും വേണം. നാം പറയുന്നത് വിശ്വാസത്തോടെ അംഗീകരിക്കുന്ന സുഹൃത്തുക്കളും വേണം. തെറ്റ് ചെയ്യുമ്പോൾ, പക്വതയോടെ സത്യം പറയുന്ന യഥാർത്ഥ സുഹൃത്തുക്കളും വേണം.

ക്ഷേമം നൽകുന്ന സുഹൃത്തുക്കൾ ഉണ്ടെങ്കിൽ അതിനേക്കാൾ മികച്ചത് ഒന്നുമില്ല.

തെറ്റ് തിരുത്താം

തെറ്റ് ചെയ്യാത്തവർ ആരുമില്ല. ആ തെറ്റ് എങ്ങനെയാണ് മനസ്സിൽ പതിയുന്നത് എന്നതാണ് പ്രധാനം. തെറ്റിനെ പോസിറ്റീവ്, നെഗറ്റീവ് എന്നിങ്ങനെ രണ്ടായി തിരിക്കാം. നെഗറ്റീവ് ആയ തെറ്റ് എന്നത് ചെയ്ത തെറ്റിനെ ഓർത്ത് മനസ്സ് വേദനിക്കുന്നത്. കാലക്രമേണ അത് നമ്മെ തളർത്തും. പോസിറ്റീവായ തെറ്റ് എന്നത് തെറ്റിനെക്കുറിച്ച് ഗവേഷണം നടത്തുന്നത്. എന്തുകൊണ്ട് ഈ തെറ്റ് സംഭവിച്ചു. നമുക്ക് എവിടെയാണ് പിഴച്ചത് എന്നതെല്ലാം ബോധ്യപ്പെടുന്നത്. ഇത് നമുക്ക് പാഠം നൽകും.

വിശ്വാസം

- മഴയ്ക്കായി ഒരു ഗ്രാമം പ്രാർത്ഥനയിലായിരുന്നു. ഗ്രാമത്തിലുള്ള എല്ലാവരും ആ പ്രാർത്ഥനയിൽ പങ്കെടുക്കാനെത്തി. ഒരു കുട്ടി മാത്രം കൈയിൽ ഒരു കുട കരുതിയിരുന്നു. 'മഴ പെയ്യുമ്പോൾ നനയരുതല്ലോ' എന്ന് അവൻ പറഞ്ഞു. അതാണ് വിശ്വാസം.
- കുട്ടിയെ മുകളിലേക്ക് എറിഞ്ഞ് പിടിച്ച് കളിക്കുന്നു അച്ഛൻ. ആകാശത്തിലേക്ക് ഉയരുമ്പോൾ ഭയമില്ലാതെ ചിരിച്ചു ആ കുട്ടി. കാരണം അച്ഛൻ പിടിച്ചു കൊള്ളും എന്ന വിശ്വാസം.
- നാളെ എങ്ങനെ ഏത് മാറും എന്ന് ആർക്കും അറിയില്ല. എന്നിരുന്നാലും ധാരാളം കാര്യങ്ങൾ ആസൂത്രണം ചെയ്യാറുണ്ട്. കാരണം 'നല്ലതേ സംഭവിക്കൂ' എന്ന വിശ്വാസം.

വായ തുറന്ന് ചോദിക്കണം

'സഹായം ചോദിച്ചാൽ ഇദ്ദേഹം ചെയ്യുമോ', 'നമുക്കു വേണ്ടി ഇദ്ദേഹം ശുപാർശ ചെയ്യുമോ' എന്നൊക്കെ മനസ്സിൽ സംശയം മുളയ്ക്കും. സഹായം ചോദിക്കാൻ കഴിയാതെ അതാണ് പലരെയും തടുക്കുന്നത്. പക്ഷേ സത്യം അതല്ല, നാം ചോദിച്ചാൽ പലരും തയാറായിരിക്കും. നമ്മുടെ മനസ്സിൽ എന്താണെന്ന് അവർക്ക് അറിയില്ലല്ലോ.

ഇതുമായി ബന്ധപ്പെട്ട് അമേരിക്കയിൽ സ്റ്റാൻലി മിൽഗ്രാം റെയിൽവേ എക്സ്പിരിമെന്റ് എന്നൊരു പരീക്ഷണം നടത്തുകയുണ്ടായി. പ്രൊഫസർ മിൽഗ്രാം തന്റെ വിദ്യാർത്ഥികളോട് 'ന്യൂയോർക്ക് നഗരത്തിലെ ഭൂഗർഭ ട്രെയിനുകളിൽ യാത്ര ചെയ്ത് പരിചയമില്ലാത്ത യാത്രക്കാരോട് 'നിങ്ങളുടെ സീറ്റ് എനിക്ക് നൽകുമോ' എന്ന് ചോദിക്കണം എന്ന് ആവശ്യപ്പെട്ടു. അത് അനുസരിച്ച് പോയ വിദ്യാർത്ഥികളെ കാത്തിരുന്നത് അത്ഭുതമായിരുന്നു. അതായത് 100 യാത്രക്കാരിൽ 68 പേർ തങ്ങളുടെ സീറ്റ് നൽകി.

സഹായം ചെയ്യാൻ പലരും തയാറാണ്. വായ തുറന്ന് ആവശ്യമുള്ളത് ചോദിക്കൂ.

ഭക്ഷണം പറയുന്ന സത്യങ്ങൾ

- പരാജയം പെരുങ്കായം പോലെയാണ്. അത് മാത്രമായി കഴിച്ചാൽ കയ്ക്കും. വിജയം എന്ന സാമ്പാറിൽ കലർത്തിയാൽ മണക്കും.
- കുക്കറിൽ പ്രഷർ അധികമാകുമ്പോൾ വിസിലടിക്കും. ജോലിഭാരം അധികരിക്കുമ്പോൾ സന്തോഷം വെളിപ്പെടുത്തണം. ജോലി മധുരിക്കും.
- ലക്ഷ്യവും മുട്ടയും ഒരുപോലെയാണ്.... കൈവിട്ടാൽ ഉടഞ്ഞു പോകും.
- ഞെട്ട് എടുത്തു കളഞ്ഞാലേ മുളക് നന്നായിരിക്കൂ. അലസത മുളകു ഞെട്ട് പോലെയാണ്. അത് എടുത്തു കളയണം.
- ജീവിതം കുരുക്കുള്ള ഇടിയപ്പമാണ്. അതിൽ സ്നേഹം എന്ന തേങ്ങ കൂടി ചേർത്താൽ ആസ്വാദ്യമാകും.
- ദേഷ്യം ഉപ്പുപോലെ ഉപയോഗപ്പെടുത്തണം. കൂടിപ്പോയാൽ ജീവിതം ആസ്വാദ്യമാകില്ല.
- തലക്കനം ചൂടു വെള്ളം പോലെയാണ്. അത് ആരുടെ മേലും ഒഴിക്കരുത്. സ്വന്തം ദേഹത്ത് വീണാലും പൊള്ളും

എന്തിന് ചെയ്യണം?

ഇത്രയും നാൾ ആനന്ദത്തോടെ വീട്ടിൽ കളിച്ചു കൊണ്ടിരുന്ന നിർമ്മലിനെ ഇപ്പോഴാണ് സ്കൂളിൽ ചേർത്തത്. അതു കൊണ്ട് അതിരാവിലെ എഴുന്നേൽക്കും. അവന് ഓരോ ദിവസം ആശയക്കുഴപ്പമാകുന്നത്, രാവിലെ എഴുന്നേറ്റതും അമ്മ ചെയ്യുന്ന ജോലിയാണ്. ഇത്രയും നാൾ വൈകി എഴുന്നേറ്റിരുന്ന അവൻ ഇത് കണ്ടിരുന്നില്ല.

ഒരു ദിവസം അവൻ അക്കാര്യം ചോദിച്ചു. 'രാവിലെ എഴുന്നേറ്റതും പുതപ്പുകൾ മടക്കി, തലയിണ കുടഞ്ഞ്, കിടക്ക വിരി ചുളുക്കുകൾ മാറ്റി എന്തിന് ശരി ചെയ്യണം. വീണ്ടും രാത്രി വന്ന് കിടക്കാനല്ലേ പോകുന്നത്?'

അമ്മ ചിരിച്ചു കൊണ്ട് പറഞ്ഞു. 'ഓരോ ദിവസവും ഉറക്കം നമുക്ക് ലഭിക്കുന്ന സമ്മാനമാണ്. ഇങ്ങനെ ഒരു കിടക്കയിൽ കിടക്കാനും ഉറങ്ങാനും ഉള്ള സൗകര്യം ലഭിക്കാത്ത പലരും ഉണ്ട്. ആ സൗകര്യം നൽകുന്ന കിടക്ക നമ്മൾ വൃത്തിയായി സൂക്ഷിക്കണം. അങ്ങനെ ശുദ്ധമായിരുന്നാലേ രാത്രി വന്ന് കിടക്കുമ്പോൾ മനസ്സിന് ഉത്സാഹം ലഭിക്കൂ' എന്ന് പറഞ്ഞു അമ്മ.

ചെറിയ ചെറിയ കാര്യങ്ങളിൽ പോലും ഇങ്ങനെ ചിട്ട പാലിച്ചാൽ, വലിയ വലിയ കാര്യങ്ങൾ ലളിതമായി ചെയ്യാൻ കഴിയും. ●

പ്രകൃതി പരിപാലനത്തിന്റെ ജീവിത പാഠം

ഈ വർഷം നേരത്തേ എത്തി വേനൽ. പശ്ചിമഘട്ട മലനിരകൾ വരണ്ടുണങ്ങി. നിളാ തീരത്തെ കർഷകർ കണ്ണീരിലായി. 'ഒരു തലമുറക്കാലത്തിനുള്ളിൽ നമ്മുടെ ജീവിതം എങ്ങനെ മാറിപ്പോയി' എന്നത് വേനൽക്കാലം ഓരോ തവണയും നമ്മെ ബോധ്യപ്പെടുത്തും. പ്രകൃതി സ്നേഹികൾ പലരും മരം നടുന്ന യജ്ഞത്തിലും നീർത്തടങ്ങൾ വൃത്തിയാക്കുന്ന ദൗത്യത്തിലും മുഴുകുന്നു. എല്ലാവർക്കും ഇത് ചെയ്യാനുള്ള അവസരം ലഭിക്കാറില്ല. പക്ഷേ, ഒരു വ്യക്തി എന്ന നിലയിൽ ഓരോരുത്തർക്കും പരിസ്ഥിതിക്ക് ഇണങ്ങുന്ന രീതിയിൽ ജീവിക്കാനുള്ള ഉത്തരവാദിത്തം ഉണ്ട്.

നമ്മുടെ വീട്ടിൽ പകലിൽ ആവശ്യമേ ഇല്ലാതെ കത്തുന്ന ഒരു ബൾബ്, ലോകത്തിലെ ഏതോ ഒരു മൂലയിൽ കൽക്കരി കത്തിച്ച് വൈദ്യുതി ഉൽപാദിപ്പിച്ച്, കാർബൺ ഡയോക്സൈഡ് ഈ അന്തരീക്ഷത്തിൽ കലർത്തുന്നു. ആവശ്യമില്ലെന്ന് കരുതി നമ്മുടെ വളപ്പിൽ നാം വെട്ടി വീഴ്ത്തുന്ന ഒരു മരം, നമുക്ക് ശ്വസിക്കാൻ ഓക്സിജൻ നൽകുന്നത് അവസാനിപ്പിക്കും. നാം കരുതലോടെ ചിലത് ശ്രമിച്ചാൽ, പരിസ്ഥിതി സൗഹൃദമാകുന്നതിനോടൊപ്പം നമ്മുടെ ചെലവുകളും കുറയും.

പുനരുപയോഗം: കഴിയുന്നത്ര എല്ലാം പുനരുപയോഗം ചെയ്യാൻ പദ്ധതിയിടണം. പച്ചക്കറിക്കടയ്ക്ക് പോകുമ്പോഴെല്ലാം വീട്ടിൽ നിന്ന് സഞ്ചി കൊണ്ടു പോകാം. കടയിൽ നിന്ന് കുപ്പി വെള്ളം വാങ്ങി പരിസ്ഥിതി മലിനപ്പെടുത്താതെ വീട്ടിൽ നിന്ന് കുപ്പിയിൽ വെള്ളം കൊണ്ടുപോകാം.

വീട്ടുപയോഗത്തിന് വാങ്ങുന്ന പ്ലാസ്റ്റിക്, കണ്ണാടി, പേപ്പർ വസ്തുക്കളിൽ പ്രത്യേകം ശ്രദ്ധ ഉണ്ടായിരിക്കണം.

എ സിയുടെ ചോർച്ച ഒഴിവാക്കാം: വേനലിൽ പലർക്കും ഇപ്പോൾ എസി ഇല്ലാതെ പറ്റില്ല. എന്നാൽ, ഉഷ്ണം തടുക്കാൻ ആവശ്യമായ നടപടികൾ കൈക്കൊണ്ടാൽ എസിയും ഫാനും കൊണ്ട് ഉണ്ടാകുന്ന വൈദ്യുതിച്ചെലവ് 25 ശതമാനം വരെ കുറയ്ക്കാം. എസി ഓടുന്ന കിടപ്പു മുറിയിൽ തട്ടടിച്ച്, എമൽഷൻ പെയിന്റ് അടിച്ച്, ജനലിന്റെയും വാതിലിന്റെയും ഇടുക്കുകളിലൂടെ തണുത്ത കാറ്റ് പുറത്തു പോകുന്നത് കുറച്ചാൽ വൈദ്യുതിച്ചെലവ് കുറയ്ക്കാം. ടെറസിൽ സൂര്യപ്രകാശം പ്രതിഫലിപ്പിക്കുന്ന പെയിന്റ് അടിച്ചാൽ വീട്ടിൽ ഉഷ്ണം കുറയ്ക്കാം.

വൈദ്യുത ബൾബുകൾ മാറ്റാം: പഴയ മോഡൽ ബൾബുകൾ വൈദ്യുതി ധാരാളം പാഴാക്കും. അതോടൊപ്പം കത്തുമ്പോൾ ചൂടും ഉണ്ടാക്കും. എൽഇഡി ബൾബുകൾ വളരെ കുറച്ച് വൈദ്യുതിയിൽ കൂടുതൽ പ്രകാശം നൽകും. ദീർഘകാലം നിലനിൽക്കുകയും ചെയ്യും.

വാഹന ഉപയോഗം കുറയ്ക്കാം: നാം ഓരോ തവണ വാഹനം ഒഴിവാക്കുന്ന ഓരോ യാത്രയിലും പരിസ്ഥിതിയെ സംരക്ഷിക്കുകയാണ്. തൊട്ടടുത്തുള്ള മാർക്കറ്റിലേക്ക് നടന്നു പോകാം; അടുത്ത തെരുവിൽ ഉള്ള ക്ഷേത്രത്തിലേക്ക് സൈക്കിളിൽ പോകാം. ബൈക്കും കാറും പോലുള്ള വ്യക്തിഗത വാഹനങ്ങൾ ഒഴിവാക്കി ബസിലും ട്രെയിനിലും പോകുന്നതു പോലും ഒരുവിധത്തിൽ ഇന്ധനം ലാഭിക്കുന്നതാണ്. ഇത് പെട്രോൾ ചെലവും കുറയ്ക്കും ശരീരത്തിന് മികച്ച വ്യായാമവും നൽകും.

ഊർജം ലാഭിക്കുന്ന വസ്തുക്കൾ വാങ്ങാം: പുതിയതായി വാഹനം വാങ്ങുമ്പോൾ, 'ഏതാണ് കൂടുതൽ മൈലേജ് നൽകുന്നത്' എന്ന് നോക്കി വാങ്ങണം. വീട്ടുപയോഗ സാധനങ്ങൾ പോലും കുറഞ്ഞ അളവിൽ വൈദ്യുതി ഉപയോഗിക്കുന്ന തരത്തിൽ ഇപ്പോൾ ലഭ്യമാകുന്നുണ്ട്. അതിന് അനുസൃതമായി അവയ്ക്ക് നക്ഷത്ര അടയാളങ്ങൾ നൽകുന്നുണ്ട്. മൂന്ന് സ്റ്റാർ ഉള്ള എസിയേക്കാൾ അഞ്ച് സ്റ്റാർ ഉള്ള ഒരു എസി വളരെ കുറഞ്ഞ വൈദ്യുതിയിൽ കൂടുതൽ തണുപ്പ് നൽകും. വില അൽപം ഉയർന്നതായിരുന്നാലും ഇത് വൈദ്യുതി ചെലവ് കുറയ്ക്കും പരിസ്ഥിതിക്കും നല്ലത്.

ഹീറ്ററിൽ ശ്രദ്ധിക്കണം: എസിയേക്കാൾ ഹീറ്റർ ആണ് കൂടുതൽ വൈദ്യുതി പാഴാക്കുന്നത് എന്ന് നിങ്ങൾക്ക് അറിയാമോ? ഒമ്പത് മണിക്ക് കുളിക്കാൻ രാവിലെ ഏഴു മണിക്കേ ഹീറ്റർ ഓൺ ആക്കുന്നത് ഒഴിവാക്കാം. പഴയ മോഡൽ ഹീറ്റർ വൈദ്യുതി ധാരാളം പാഴാക്കും. ഇപ്പോൾ ഇൻസ്റ്റന്റ്ഹീറ്റർലഭ്യമാണ്.നിമിഷങ്ങൾക്കുള്ളിൽ വെള്ളം ചൂടാക്കി നൽകും.

നിർത്താൻ പഠിക്കണം: ഒരു ഫോൺ വന്നയുടൻ കത്തുന്ന ബൾബും ഓടുന്ന ഫാനും ഒന്നും ഓഫ് ആക്കാതെ മുറിയിൽ നിന്ന് പുറത്തു വന്ന് അര മണിക്കൂർ സംസാരിക്കുന്നവർ വീടിനും നാടിനും ഏറെ നഷ്ടമാണ് ഉണ്ടാക്കുന്നത്. ഉപയോഗപ്പെടുത്താത്ത സമയങ്ങളിൽ എന്തും ഓഫ് ചെയ്യാൻ ശീലിക്കണം.

വെള്ളം കരുതലോടെ: ആവശ്യമുള്ളപ്പോൾ മാത്രം പൈപ്പ് തുറന്ന് ഉപയോഗിക്കണം. പൈപ്പ് തുറന്നിട്ട് ഷേവ് ചെയ്താൽ ഏകദേശം 5 ലിറ്റർ വെള്ളം പാഴാകും. ഒരു പാത്രത്തിൽ വെള്ളം എടുത്ത് വച്ച് ഷേവ് ചെയ്താൽ, മുക്കാൽ ലിറ്ററിൽ കാര്യം കഴിയും. പല്ല് തേയ്ക്കുമ്പോഴും ഇതു തന്നെ കഥ. വെള്ളം കരുതലോടെ ഉപയോഗിച്ചാൽ അടുത്ത തലമുറയ്ക്കായി നാം വെള്ളം കരുതി വയ്ക്കുകയാണ് എന്നർത്ഥം.

മരം നടാം: നിങ്ങളുടെ അടുക്കള തോട്ടത്തിൽ ധാരാളം സ്ഥലം ഉണ്ടോ? നിങ്ങളുടെ നാട്ടിലെ മണ്ണിന് ഏതാണ് അനുയോജ്യം എന്ന് മനസ്സിലാക്കി അത്തരം മരങ്ങൾ നടണം. സ്ഥലം കുറവാണെങ്കിലും അതിന് അനുസൃതമായി ചെറുതായി വളരുന്ന മരങ്ങൾ നടണം. നടാൻ മണ്ണില്ലെങ്കിൽ ചട്ടിയിലെങ്കിലും ചെടികൾ വളർത്തണം. ഒരൊറ്റ മരം അതിന്റെ ആയുഷ്കാലത്തിൽ ഒരു ടൺ കാർബൺ ഡയോക്സൈഡ് ആഗിരണം ചെയ്ത് പരിസ്ഥിതി ശുദ്ധമാക്കും.

മറ്റുള്ളവരെ ബോധവൽക്കരിക്കാം: പുനഃചംക്രമണം, പുനരുപയോഗം, ഇന്ധനം ലാഭിക്കൽ, മരം നടൽ എന്നിങ്ങനെ പരിസ്ഥിതിയെ സംരക്ഷിക്കുന്ന കാര്യങ്ങളെപ്പറ്റി നിങ്ങളുടെ സുഹൃത്തുക്കളെയും ബന്ധുക്കളെയും ബോധവൽക്കരിക്കണം. അതിലാണ് ജീവിതം നിറവുറ്റതാകുന്നത്.

അപ്രതീക്ഷിത പാഠങ്ങൾ

വർഷ ഇപ്പോഴെല്ലാം തന്റെ അച്ഛനേയും അമ്മയേയും അങ്ങേയറ്റം വെറുക്കുന്നു. അവർക്ക് മുഖം നൽകി സംസാരിക്കാറില്ല. പത്താം ക്ലാസിൽ പഠിക്കുന്ന തങ്ങളുടെ മകൾ പൊതുപ്പരീക്ഷ അടുക്കുന്നതിനാൽ അതിന്റെ അമ്പരപ്പിലായിരിക്കും എന്ന് അവർ ചിന്തിച്ചു.

എന്നാൽ വർഷയുടെ മൂത്ത ജ്യേഷ്ഠൻ ഇത് ശ്രദ്ധിച്ച് സ്നേഹത്തോടെ കാര്യം തിരക്കി. അവരുടെ കുടുംബം അൽപം വലുതാണ്. വർഷയ്ക്ക് മൂന്ന് ജ്യേഷ്ഠന്മാരുണ്ട്. രണ്ടു പേർ കോളെജ് വിദ്യാഭ്യാസം പൂർത്തിയാക്കി അച്ഛന്റെ ബിസിനസിൽ സഹായിക്കുന്നു, അവസാനത്തെ ജ്യേഷ്ഠൻ കോളെജിൽ പഠിച്ചു കൊണ്ടിരിക്കുന്നു. വർഷ പലപ്പോഴും ചിന്തിക്കാറുണ്ട്, 'ജ്യേഷ്ഠന്മാർക്കും എനിക്കും എന്തു കൊണ്ടാണ് ഇത്ര പ്രായ വ്യത്യാസം' എന്ന്. ഈ ചോദ്യത്തിന് അവൾ ഉത്തരം അന്വേഷിച്ചില്ല.

ഇപ്പോൾ അത് കളിയാക്കലായി മാറി. സ്കൂളിൽ അർധ വാർഷിക പരീക്ഷ കഴിഞ്ഞ് അധ്യാപക-രക്ഷാകർതൃ സംഗമം നടന്നു. താൻ പഠിത്തത്തിൽ അത്ര മികവ് അല്ലാത്തതിനാൽ മൂത്ത ജ്യേഷ്ഠനെയാണ് അച്ഛൻ എപ്പോഴും പറഞ്ഞയക്കാറുള്ളത്. ഇത്തവണ പത്താം ക്ലാസ് ആയതിനാൽ, തീർച്ചയായും അച്ഛനും അമ്മയും വരണം എന്ന് പറഞ്ഞതും വർഷ അവരെ കൂട്ടിക്കൊണ്ടു പോയി. അവളുടെ ക്ലാസ് കൂട്ടുകാരികൾ അവരെ അത്ഭുതത്തോടെ നോക്കി.

പിറ്റേ ദിവസം വർഷ സ്കൂളിൽ എത്തിയപ്പോൾ, കൂട്ടുകാരികൾ കളിയാക്കി. 'നമ്മളെല്ലാവരും നമ്മുടെഅച്ഛനെയുംഅമ്മയേയുംകൂട്ടിക്കൊണ്ടു വന്നു. വർഷ മാത്രം അവളുടെ മുത്തച്ഛനെയും മുത്തശ്ശിയെയും കൂട്ടിക്കൊണ്ടു വന്നു' എന്ന് ഒരുത്തി പറഞ്ഞപ്പോൾ, മറ്റെല്ലാവരും കളിയാക്കി ചിരിച്ചു. തല കുനിച്ച് കണ്ണു നിറഞ്ഞപ്പോഴാണ് അവൾ ആലോചിച്ചത്. അവളുടെ കൂട്ടുകാരികൾ എല്ലാവരുടെയും രക്ഷിതാക്കൾ ചെറുപ്പക്കാരാണ്. അവളുടെ അച്ഛനും അമ്മയും മാത്രം മുടി നരച്ച് വാർധക്യത്തിലായിരിക്കുന്നു. കൂട്ടുകാരികൾ കളിയാക്കതു കാരണം തന്റെ അച്ഛനെയും അമ്മയേയും അവൾ വെറുക്കാൻ തുടങ്ങി.

ഇപ്പോൾ ജ്യേഷ്ഠൻ സ്നേഹത്തോടെ ചോദിച്ചപ്പോൾ അതാണ് കാരണമായി പറഞ്ഞതും. 'ഇവരെ അച്ഛനും അമ്മയും എന്ന് പറയാൻ എനിക്ക് അപമാനമാണ്' എന്ന് പറഞ്ഞ് കരഞ്ഞു.

'നീ കുഞ്ഞല്ല, വളർന്നു. അതു കൊണ്ട് നിന്നോട് ഒരു സത്യം പറയാം' എന്ന് ജ്യേഷ്ഠൻ സംസാരിക്കാൻആരംഭിച്ചു. 'ഞങ്ങൾമൂന്ന് കുട്ടികൾ ഉണ്ടായിരുന്നെങ്കിലും അച്ഛനും അമ്മയ്ക്കും ഒരു മകൾ ഇല്ലല്ലോ എന്ന വിഷമം ഉണ്ടായിരുന്നു. ഞങ്ങൾ ജനിച്ച് പല വർഷങ്ങൾക്കു ശേഷം നിന്നെ ദത്തെടുക്കുകയായിരുന്നു.

അതെ, ഞങ്ങളുടെ വീട്ടിലേക്ക് നിന്നെ കൂട്ടിക്കൊണ്ടു വരുമ്പോൾ, നീ ജനിച്ച് ഒരു മാസം ആയിരുന്നു പ്രായം. രക്ഷിതാക്കൾ ആരെന്ന് അറിയാതെ അനാഥാലയത്തിൽ ഉപേക്ഷിച്ച

നിന്നെ സ്നേഹത്തോടെ എടുത്തു വളർത്തി. രാത്രി കാലങ്ങളിൽ നീ വല്ലാതെ കരയും. അമ്മ രാത്രി മുഴുവനും നിന്നെ തോളിലിട്ട് നടക്കും. തായ്പ്പാലില്ലാതെ പശുംപാൽ കുടിച്ച് അത് പിടിക്കാതെ പല ദിവസങ്ങളിലും അമ്മയുടെ സാരിയിൽ നീ ഛർദ്ദിച്ചിട്ടുണ്ട്. അതൊന്നും അമ്മ അപമാനമായി കരുതിയിട്ടില്ല.

കുഞ്ഞായിരിക്കുമ്പോൾ അച്ഛനെ കളിയിൽ അടിക്കും നീ. കുട്ടി കളിക്കുകയാണെന്ന് ചിന്തിച്ചതിനപ്പുറം ഒരിക്കലും നിന്റെ പ്രവർത്തികളെ അപമാനമായി കരുതിയിട്ടില്ല. പക്ഷേ ആ അമ്മയേയും അച്ഛനേയും നീ അപമാനമായി കാണുന്നു' എന്ന് ജ്യേഷ്ഠൻ സത്യം വെളിപ്പെടുത്തിയപ്പോൾ വർഷ തകർന്നു പോയി. 'എന്നോട് ക്ഷമിക്കൂ, ജ്യേഷ്ഠാ' എന്ന് കരഞ്ഞു കലങ്ങിയ വർഷയെ സമാധാനപ്പെടുത്തിയ ജ്യേഷ്ഠൻ. 'എല്ലാ സത്യവും നീ മനസ്സിലാക്കി എന്ന് അച്ഛനോടും അമ്മയോടും പറയരുത്. അവർ അത് താങ്ങില്ല' എന്ന് ജ്യേഷ്ഠൻ പറഞ്ഞപ്പോൾ അദ്ദേഹത്തിന്റെ കൈ പിടിച്ച് സത്യം ചെയ്തു വർഷ.

ബന്ധങ്ങൾക്ക് ചില സമയങ്ങളിൽ അപ്രതീക്ഷിത ജീവിത പാഠങ്ങൾ ആവശ്യമുണ്ട്.

സ്കൂൾ കൂട്ടുകാരൻ രവിക്ക് നീണ്ട ഇടവേളയ്ക്കു ശേഷം ഫോൺ ചെയ്തു ശരവണൻ. 'സുഖമാണോ?' എന്ന് ചോദിച്ചു. 'ഞാൻ ഒറ്റയ്ക്ക് റൂം എടുത്ത് താമസിച്ച് ജോലിക്ക് പോയി വരികയാണ്. വലിയ ഏകാന്തത' എന്ന് പറഞ്ഞു രവി. 'കാറിലാണെങ്കിൽ രണ്ട് മണിക്കൂറിൽ എത്താൻ കഴിയും. നീ എവിടെയാണ് ഉള്ളതെന്ന് പറയൂ' എന്ന് വിലാസം വാങ്ങി ശരവണൻ.

പറഞ്ഞതു പോലെ രണ്ട് മണിക്കൂറിൽ ശരവണൻ എത്തി. വന്നവനോട് ഇത്രയും കാലത്തെ കഥയും പറഞ്ഞു രവി. തന്റെ കുടുംബം, ജോലി, പ്രശ്നങ്ങൾ, ദുഃഖങ്ങൾ, സംശയങ്ങൾ എന്നിങ്ങനെ എന്തൊക്കെയോ വിഷയങ്ങളെക്കുറിച്ച് സംസാരിച്ചു കൊണ്ടേയിരുന്നു. ശരവണൻ എല്ലാം സമാധാനത്തോടെ കേട്ടിരുന്നു. ഇടയ്ക്കിടെ ചില അഭിപ്രായങ്ങൾ പറഞ്ഞു. സമയം പോയത് അറിഞ്ഞില്ല.

പെട്ടെന്ന് വാച്ച് നോക്കിയപ്പോൾ അതിരാവിലെ 4 മണി ആയിരിക്കുന്നു. 'ഇപ്പോൾ പുറപ്പെട്ടാലേ ജോലിക്ക് പോകാൻ കഴിയൂ' എന്ന് പറഞ്ഞ് ശരവണൻ പുറപ്പെടാൻ തയാറായി. 'ശരി, എന്റെ മനസ്സിൽ ഉണ്ടായിരുന്നതെല്ലാം പറഞ്ഞു. പക്ഷേ നിന്നോട് സംസാരിച്ചപ്പോൾ എനിക്ക് വലിയ ആശ്വാസം തോന്നുന്നു' എന്ന് പറഞ്ഞു രവി. 'സുഹൃത്തുക്കളായാൽ അങ്ങനെയല്ലേ വേണ്ടത്' എന്ന് പറഞ്ഞു ശരവണൻ.

ശരവണനെ യാത്രയാക്കാൻ കാറിനരികിൽ എത്തിയ രവി, 'ശരി, നീ ഒന്നും പറഞ്ഞതേ ഇല്ലല്ലോ' എന്ന് ചോദിച്ചു.

'അതോ? ഡോക്ടറുടെ അടുത്ത് പോയപ്പോൾ എനിക്ക് കാൻസർ ഉണ്ടെന്ന് നിർണയിച്ചു. ഗുരുതരമാണ്. ചില മാസങ്ങളേ ജീവിക്കൂ എന്ന് പറഞ്ഞു. അതിനാലാണ് സുഹൃത്തുക്കളെ അവസാനമായികണ്ട് സംസാരിച്ചു കൊണ്ടിരിക്കുന്നത്' എന്ന് ശരവണൻ നിർവികാരതയോടെ പറഞ്ഞപ്പോൾ രവി ഞെട്ടിപ്പോയി.

മറ്റുള്ളവർക്ക് സമയം നൽകി, അവരുടെ പ്രശ്നങ്ങൾ കേൾക്കണം. അതിനു വേണ്ടിയാണ് സൗഹൃദത്തിൽ ഇത്തരത്തിലുള്ള പാഠങ്ങൾ ആവശ്യമായി വരുന്നത്. ●

ജീവിതപങ്കാളിക്കുള്ള

ജീവിത പാഠങ്ങൾ

'വിവാഹ ശേഷം ഭർത്താവിന് മാറ്റമുണ്ടാകും എന്ന പ്രതീക്ഷയിലാണ് സ്ത്രീകൾ വിവാഹിതരാകുന്നത്. ഭാര്യയിൽ മാറ്റമൊന്നും ഉണ്ടാകില്ല എന്ന ചിന്തയിൽ പുരുഷന്മാർ വിവാഹം ചെയ്യും. രണ്ടു പേരുടേയും പ്രതീക്ഷയും നിറവേറാറില്ല' എന്ന് ഒരു തമാശയുണ്ട്. ഭാര്യാഭർത്താക്കന്മാർക്കിടയിൽ അനുയോജ്യമായ ബന്ധവും മനസ്സിലാക്കലും ഉണ്ടാകാൻ, അവർ ചില ജീവിതപാഠങ്ങൾ അറിഞ്ഞിരിക്കണം.

വിവാഹം കഴിഞ്ഞ് പിറ്റേ ദിവസം തന്നെ, 'ഇത് ചെയ്യൂ,' 'അങ്ങനെ ചെയ്യരുത്' എന്നിങ്ങനെ തങ്ങളുടെ ജീവിതപങ്കാളിക്ക് ഉത്തരവിടുന്ന പലർ ഉണ്ട്. ഏതോ ഒരു ഓഫീസിൽ പുതിയതായി ചേർന്ന ഒരാളോട് പറയുന്നതു പോലെ, 'ഈ കുടുംബത്തിൽ ഇതാണ് ശീലം' എന്ന് പല നിയമങ്ങൾ പറയുന്നവരും ഉണ്ട്.

ഒരാൾ 'എങ്ങനെയാണോ ഉള്ളത്' എന്ന് മനസ്സിലാക്കി ഇഷ്ടപ്പെട്ട് വിവാഹം ചെയ്തതു പോലെ, അതേ സ്വാഭാവികതയോടെ ആ വ്യക്തിയെ തുടരാൻ അനുവദിക്കുന്നതാണ് മര്യാദ. ജീവിതപങ്കാളിയെ നമ്മുടെ പകർപ്പു പോലെ മാറ്റുന്നത് വിവാഹത്തിന്റെ വിജയം അല്ല.

ഒരേ പോലെ ചിന്തിക്കുന്നവർക്കും ഒരേ പോലെ ജീവിതശീലങ്ങൾ പിന്തുടർന്നവർക്കും മാത്രമേ പൊരുത്തമുള്ള ദമ്പതികളായി ജീവിക്കാൻ കഴിയൂ എന്നൊക്കെ പറയുന്നത് അതിശയോക്തിയാണ്. ദാമ്പത്യംപസിൽപോലെയാണ്.ഓരോതുണ്ടുകളും വ്യത്യസ്തമായിരിക്കും. ആ വ്യത്യസ്തയാണ് ജീവിതത്തിന്റെ ഭംഗിയും.

സമ്പാദ്യ ശീലമേ ഇല്ലാത്ത ഒരാൾ, വിവാഹത്തിന്റെ പിറ്റേ ദിവസം മുതൽ തന്നെ സമ്പാദിക്കാൻ തുടങ്ങില്ല. ജീവിതത്തിൽ ചില പ്രകൃതങ്ങൾ മാറ്റാൻ കഴിയാത്തതാണ്. 'അഞ്ചിൽ വളയാത്തത് അമ്പതിൽ വളയില്ല' എന്നൊരു പഴമൊഴി ഉണ്ട്. ജീവിതപങ്കാളിയെ തിരുത്താൻ വിവാഹം ദുർഗുണപരിഹാര പാഠശാലയല്ല. മാറ്റം പൊതുവിൽ മനുഷ്യ മനസ്സ് അംഗീകരിക്കാറില്ല. മാറ്റത്തിനെ ആദ്യം എതിർക്കും, മാറ്റാൻ ശ്രമിക്കുന്ന വ്യക്തിയോട് തുടർന്ന് വെറുപ്പ് ഉണ്ടാകും. ഇത് വിവാഹ ജീവിതത്തിൽ സമാധാനം ഉണ്ടാക്കാതെ, അവിശ്വാസം ഏർപ്പെടുത്തും.

കുടുംബത്തിൽ സംസാരിച്ച് ഉറപ്പിച്ച

വിവാഹത്തിൽ പോലും ഒരാളെക്കുറിച്ച് മറ്റൊരാൾക്ക് പൂർണമായും മനസ്സിലാക്കാൻ കഴിയും. വ്യക്തിഗത ഇഷ്ടങ്ങൾ, അഭിരുചികൾ, സ്വപ്നങ്ങൾ, ഭക്ഷണശീലം എന്നിങ്ങനെ എല്ലാ കാര്യങ്ങളും അറിഞ്ഞ ശേഷമായിരിക്കും വിവാഹം കഴിക്കുന്നത്. അതിന്റെ അർത്ഥം, 'നിന്റെ ഇഷ്ടങ്ങൾ, അഭിരുചികൾ, ശീലങ്ങൾ എന്നിവയിൽ എനിക്ക് അഭിപ്രായ വ്യത്യാസങ്ങൾ ഉണ്ടായിരിക്കാം. പക്ഷേ, ഈ നിമിഷത്തിൽ നീ എങ്ങനെയാണോ ഉള്ളത്, അങ്ങനെ തന്നെ നിന്നെ അംഗീകരിക്കുന്നു' എന്നാണ്. അല്ലാതെ, 'വിവാഹ ശേഷം നിന്നെ തലകീഴായി മാറ്റിയെടുക്കും' എന്ന് മനസ്സിനുള്ളിൽ വെല്ലുവിളിക്കുന്നതല്ല ദാമ്പത്യം.

ജീവിതപങ്കാളിയെ മാറ്റാനേ പാടില്ലേ? ആ വ്യക്തിയോട് മാറണം എന്ന് പറയാൻ പാടില്ലേ? എന്നല്ല ഇതിനർത്ഥം. ഏതിലാണ് മാറ്റം വേണ്ടതെന്ന് വ്യക്തത വേണം. അത് എപ്പോൾ ചെയ്യണമെന്നതും മനസ്സിലാക്കേണ്ടത് നല്ലത്. വ്യക്തിഗത അഭിരുചികളിലും ഇഷ്ടങ്ങളിലും വിലക്ക് ഏർപ്പെടുത്തരുത്.

എന്നാൽ, ഭർത്താവിന്റെ പുകവലി ശീലമോ ഭാര്യയുടെ ആഡംബര ചെലവോ കുടുംബത്തിന് ദോഷമുണ്ടാകുന്ന അപകടം. ഇത് സംസാരിച്ച് മാറ്റുക തന്നെ വേണം. പക്ഷേ അത് വളരെ ശ്രദ്ധിച്ച് ചെയ്യണം. വർഷങ്ങളായുള്ള ശീലം മാറ്റുന്നത് സുലഭമല്ല. എന്നിരുന്നാലും അത് അസാധ്യമായതുമല്ല.

വിവാഹംഎന്നത്രണ്ട്വ്യക്തികൾക്കിടയിലുള്ള ജീവസ്സുറ്റ ബന്ധമാണ്. വ്യത്യസ്തമായ കുടുംബ ചുറ്റുപാടിൽ ജനിച്ച്, വ്യത്യസ്തമായ അഭിരുചികളോടെ വളർന്ന രണ്ടു പേർ വിവാഹത്തിലൂടെ ഒരുമിക്കുകയാണ്.

പൊതുവിൽ പുരുഷന്മാരും സ്ത്രീകളും വ്യത്യസ്തമായ അഭിരുചികൾ ഉള്ളവരാണ്. അവരുടെ വികാരങ്ങളെ ഉണർത്തുന്നത് വെവ്വേറെ ഹോർമോണുകളാണ്. ജീവിതത്തെ ഇരുവരും വ്യത്യസ്തമായി കാണും. ഒരേ സംഭവം തന്നെ ഇരുവരും വീക്ഷിക്കുന്ന കോണുകൾ വ്യത്യസ്തമായിരിക്കും. അതിനാൽ തന്നെ അവർക്കിടയിൽ കെമിസ്ട്രി ഉണ്ടാകാൻ അൽപം വൈകും. ഒരാളോട് മറ്റൊരാൾ കാണിക്കുന്ന സ്നേഹത്തിലൂടെയും കരുതലിലൂടെയുമേ അടുക്കാൻ കഴിയൂ. ഇത്തരത്തിൽ വൈകാരികമായി അടുക്കുന്നതിലൂടെ ഉണ്ടാകുന്ന ബന്ധത്തിലൂടെയാണ് യഥാർത്ഥ സ്നേഹം ഇരുവർക്കിടയിലും ഉറവയെടുക്കുന്നത്. ദാമ്പത്യത്തിന്റെ മാന്ത്രികതയാണ് ഇത്.

ഇത്തരത്തിൽ ബന്ധം ഉണ്ടായതിനു ശേഷമേ മാറ്റത്തെക്കുറിച്ച് പറയാവൂ. 'ഈ ദുശ്ശീലം നമ്മുടെ ദാമ്പത്യത്തിൽ എന്തൊക്കെ വിപരീത ഫലങ്ങൾ ഉണ്ടാക്കുന്നു? കുടുംബത്തിനും ബന്ധുക്കൾക്കും അത് എന്തൊക്കെ പ്രതികൂല ഫലങ്ങൾ ഉണ്ടാക്കും' എന്ന് മനസ്സ് തുറന്ന് സംസാരിക്കണം. ഇരുവരും ഇങ്ങനെ സംസാരിക്കുമ്പോൾ, മാറ്റങ്ങൾ സാധ്യമാകും. ദുശ്ശീലങ്ങൾക്കായി ഒരാളെ ജീവിതപങ്കാളി എപ്പോഴും ശകാരിച്ചു കൊണ്ടിരുന്നാൽ ആ വ്യക്തി മാറുന്നത് ബുദ്ധിമുട്ടായിരിക്കും. അവരിൽ കുറ്റബോധം ഉണ്ടാക്കിയാൽ, ആ വ്യക്തി തീർച്ചയായും മാറും.

ഒരാൾക്കു വേണ്ടി മറ്റൊരാൾ വിട്ടുകൊടുക്കുന്നതും, ഒരാളുടെ തെറ്റുകളെ മറ്റൊരാൾ സഹിക്കുന്നതുമാണ് വിവാഹ ജീവിതം മധുരതരമാക്കുന്നത്. എന്നാൽ, ദമ്പതികൾ തമ്മിലുള്ള ബന്ധം ബലഹീനപ്പെടുത്തുന്ന ദുശ്ശീലങ്ങൾ സഹിക്കേണ്ട കാര്യമില്ല. അങ്ങനെ ഒരാളെ മറ്റൊരാൾ സഹിച്ചു കൊണ്ടേയിരുന്നാൽ, അത് കുടുംബ അന്തരീക്ഷം കൂടുതൽ മോശമാക്കും. ജീവിതപങ്കാളിക്കു വേണ്ടി തന്റെ ദുശ്ശീലം മാറ്റുക തന്നെ വേണം. ഘട്ടം ഘട്ടമായി ഈ മാറ്റം സംഭവിക്കും. അങ്ങനെ മാറുന്ന സമയത്ത് മാനസിക സംഘർഷത്തോടെയാണെങ്കിലും അതിൽ ഉറച്ചു നിൽക്കാൻ, ജീവിതപങ്കാളി താങ്ങായി നിൽക്കണം. ●

യുവതയ്ക്കുള്ള പാഠങ്ങൾ

ഇളയ തലമുറയ്ക്ക് 20 മുതൽ 30 വയസ്സ് വരെയുള്ള കാലം ഏറ്റവും പ്രധാനപ്പെട്ടതാണ്. വിദ്യാഭ്യാസം പൂർത്തിയാക്കി ജോലിയിൽ ചേർന്ന് അല്ലെങ്കിൽ തൊഴിലിൽ ഏർപ്പെട്ട് വിവാഹിതരായി പുതിയ ജീവിതം ആരംഭിക്കുന്ന ഘട്ടം ഇതാണ്. വിദ്യാഭ്യാസം പൂർത്തിയാക്കിയ ഈ ഘട്ടത്തിൽ അവർ ജീവിതപാഠം നേടണം. അതാണ് അവരുടെ ആവശ്യങ്ങൾ അറിയാനും വ്യക്തമായ തീരുമാനങ്ങൾ എടുക്കാനും അവരെ വഴികാട്ടുന്നത്. അവർ പഠിക്കേണ്ട പാഠങ്ങൾ എന്തൊക്കെയാണ്?

❖ വിദ്യാഭ്യാസം മാത്രം മതി എന്ന് ചിന്തിക്കരുത്. മികച്ച കോളെജിൽ പഠിച്ച് നല്ല മാർക്ക് നേടി ജയിക്കുന്നതും ബുദ്ധിസാമർത്ഥ്യവും മാത്രം കൊണ്ട് ജോലി ലഭിക്കില്ല. എന്തു ജോലിക്കു പോകുന്നോ അതേക്കുറിച്ച് പൂർണമായും അറിഞ്ഞിരിക്കണം. ലോകത്ത് ആ മേഖലയുടെ ഗതി എന്താണ് എന്ന മാറ്റങ്ങൾ അറിഞ്ഞിരിക്കണം. കഠിനാധ്വാനവും പ്രധാനം.

❖ കോളെജ് കാലത്ത് രാത്രി ഏറെ നേരം ഉറക്കമിളച്ച് പഠിച്ചിരിക്കാം. അതിരാവിലെ എഴുന്നേൽക്കുന്നത് ശീലമല്ലാതെ പോയിരിക്കാം. ഏതെങ്കിലും ദുശ്ശീലത്തിനും അലസതയ്ക്കും അടിമയായിരിക്കാം. അവയെല്ലാം 'ടീനേജ് കാലത്തിന്റെ ഒരു ഭാഗം' എന്ന് ചിന്തിക്കണം. കോളെജിൽ നിന്ന് പുറത്തു വന്നതും അവയെല്ലാം ഉപേക്ഷിക്കണം. ജോലി, തൊഴിൽ, ബിസിനസ് എന്നിങ്ങനെ ജീവിതത്തിൽ പുതിയ യാത്ര ആരംഭിക്കുമ്പോൾ ആരോഗ്യത്തിൽ ശ്രദ്ധിക്കേണ്ടത് അവശ്യം.

❖ കോളെജ് കാലത്ത് ചിലർ പണം വെള്ളം പോലെ ചെലവാക്കിശീലിച്ചിരിക്കും. സമ്പാദിക്കാൻ ആരംഭിക്കുമ്പോഴായിരിക്കും പണത്തിന്റെ അരുമ മനസ്സിലാകുക. ആ പ്രായം മുതൽക്കേ സമ്പാദിക്കാൻ ശീലിക്കണം. 'എപ്പോഴോ വരാൻ പോകുന്ന വാർധക്യത്തിന് 25 വയസ്സിലേ എന്തിന് സമ്പാദിക്കണം' എന്ന് ചില ചിന്തിച്ചേക്കാം. അവർ നിയന്ത്രണത്തിന്റെ വില അറിയാത്തവരാണ്. 25 വയസ്സിൽ സമ്പാദിക്കാൻ ആരംഭിക്കുന്ന പണം, 60 വയസ്സിൽ ഏകദേശം 64 മടങ്ങായി വർധിക്കും.

❖ പണം മാത്രമേ സന്തോഷം നൽകൂ എന്ന് ചിന്തിക്കരുത്. ജീവിതത്തിൽ പണം പ്രധാനം തന്നെ. അതിനുമപ്പുറം നിങ്ങൾക്ക് സന്തോഷം നൽകുന്ന വിഷയങ്ങൾ മറക്കരുത്. സംഗീതം, വ്യായാമം, യോഗ,

കായികവിനോദം എന്നിങ്ങനെ ജീവിതത്തെ മധുരതരവും അഭിരുചികളുമാക്കി മാറ്റുന്ന മറ്റ് കാര്യങ്ങളും വേണം. അല്ലാത്ത പക്ഷം യന്ത്രമായി മാറും.

❖ ഒന്നിലും സമനില തെറ്റരുത്. ജോലിയിൽ ഉണ്ടാകുന്ന തിരിച്ചടി, തൊഴിലിൽ നേരിടുന്ന ചാഞ്ചാട്ടം, ബിസിനസിൽ ഏർപ്പെടുന്ന നഷ്ടം, അടുത്ത ബന്ധുക്കൾ വിയോജിപ്പിൽ പിരിഞ്ഞു പോകൽ... ഇവയെല്ലാം ജീവിതത്തിലെ ഒരംശമാണ്. ഈ അനുഭവങ്ങളാണ് വിജയത്തിന് അടിത്തറയാകുന്നത്. മുൾപ്പാതകളാണ് അഴകുറ്റ തോട്ടങ്ങളിലേക്ക് നിങ്ങളെ കൂട്ടിക്കൊണ്ടു പോകുക.

❖ ജോലിയോ തൊഴിലോ ബിസിനസോ എന്തും നിങ്ങൾ ചെയ്യാൻ ആരഭിക്കുമ്പോൾ നാനാ ദിക്കുകളിൽ നിന്നും ഉപദേശങ്ങൾ എത്തും. സുഹൃത്തുക്കൾ, ബന്ധുക്കൾ, അയൽക്കാർ എല്ലാവരും 'ഇത് ചെയ്യൂ', 'അത് ചെയ്യൂ' എന്ന് ഉപദേശിക്കും. അതിന് ഒരു പഞ്ഞവും ഉണ്ടാകില്ല. ആര്, എന്തു പറഞ്ഞാലും തീരുമാനം നിങ്ങളുടേത് മാത്രമായിരിക്കണം. നിങ്ങൾക്ക് ഏത് മികവോടെ ചെയ്യാൻ കഴിയും എന്നത് നിങ്ങൾക്ക് മാത്രമേ അറിയൂ.

❖ എല്ലാവർക്കും ഇഷ്ടപ്പെട്ട് ജീവിക്കണം എന്ന് ആഗ്രഹിക്കരുത്. ഓഫീസിൽ മേലധികാരി, സഹപ്രവർത്തകർ, കീഴ്ജീവനക്കാർ എന്നിങ്ങനെ എല്ലാവരും നല്ലത് പറയണം എന്ന് ചിന്തിക്കരുത്. പല കാര്യങ്ങൾ വിട്ടുകൊടുക്കേണ്ടി വരും. വളഞ്ഞു പോകേണ്ടി വരും. കാർക്കശ്യവും സ്നേഹവും കലർന്ന മിശ്രിതമായിരിക്കണം. അതാണ് നല്ലത്.

❖ സുഹൃത്തുക്കളെ നഷ്ടപ്പെട്ടേക്കാം എന്ന് ദുഃഖിക്കരുത്. ജോലിക്കായി ലോകത്തിന്റെ ഏത് മൂലയ്ക്കും മനുഷ്യർ ചെല്ലുന്ന ഇക്കാലത്ത് ചില സുഹൃത്തുക്കൾ കാലത്തിന്റെ കുത്തൊഴുക്കിൽ ഒലിച്ചു പോയേക്കാം. നിങ്ങളോടൊപ്പം സ്കൂളിൽ പഠിച്ച പലരും കോളെജ് ജീവിതത്തിൽ അപ്രത്യക്ഷരാകും. കോളെജിൽ പഠിച്ചവർ ജോലിക്കു പോയ ശേഷം ബന്ധം അറ്റുപോകും. ഇതാണ് യാഥാർത്ഥ്യം. പോയവരെക്കുറിച്ച് ഓർത്ത് ദുഃഖിക്കാതെ, പുതിയ സൗഹൃദങ്ങൾ ഉണ്ടാക്കണം.

❖ സ്വന്തം നാട്ടിൽ ജീവിതകാലം മുഴുവൻ ജീവിക്കണം എന്ന് ചിന്തിക്കരുത്. പക്ഷി എവിടെയോ കൊണ്ടുപോയിടുന്ന വിത്ത്, ആ പുതിയസ്ഥലത്താണ്വളരുന്നത്.പിഴുതെടുക്കുന്ന ഞാറ് മറ്റേതെങ്കിലും സ്ഥലത്തായിരിക്കും ഊന്നുന്നത്. എവിടെ ചെന്നാലാണോ വളർച്ച ലഭിക്കുന്നത് അവിടെ ചെല്ലണം. 20 മുതൽ 30 വയസ്സിനുള്ളിൽ ഈ മാറ്റങ്ങൾ ചെയ്താൽ, ഭാവി നിശ്ചിതമായി മാറും.

❖ ജോലി, വിവാഹം, പുതിയ വീട് എന്നിങ്ങനെ ജീവിതത്തിൽ പ്രധാനപ്പെട്ട കാര്യങ്ങളിൽ തീരുമാനം എടുക്കുന്നതിൽ തിടുക്കം കാട്ടരുത്. 'എന്റെ സുഹൃത്തുക്കൾ എല്ലാവരും ജോലിക്കു പോകുന്നു. എനിക്ക് മാത്രം ഇനി ജോലി ആയിട്ടില്ല' എന്ന് ടെൻഷനടിച്ച് ഏതെങ്കിലും ഒരു സ്ഥലത്ത് ജോലിക്ക് കയറരുത്. '30 വയസ്സിനുള്ളിൽ വീട് വാങ്ങണം' എന്ന് ചിന്തിച്ച് കുഴപ്പം പിടിച്ച സ്ഥലത്ത് വീട് വാങ്ങരുത്. ജീവിതം മുഴുവനും വേദനിക്കേണ്ടി വരും.

❖ 'ഇവൻ വിശ്വസിക്കാൻ കൊള്ളാവുന്ന സുഹൃത്ത്' എന്ന് ചിന്തിച്ച് ആരോടോ പങ്കുവച്ച രഹസ്യങ്ങൾ, ഒറ്റ ദിവസം കൊണ്ട് നാടു മുഴുവൻ പാട്ടായാൽ സങ്കടം ബാക്കിയാകും. 'ആര് നല്ലവൻ, ആര് കെട്ടവൻ' എന്ന് തിരിച്ചറിയാൻ കഴിയാതെ പറ്റിക്കപ്പെടുന്ന അനുഭവങ്ങൾ ധാരാളം ഈ പ്രായത്തിൽ ഉണ്ടാകും. ആരെയും അവരുടെ മുഖംമൂടിക്ക് അപ്പുറം മനസ്സിലാക്കാനുള്ള പക്വത നേടണം. ●

മനുഷ്യരെ മതിക്കണം

ഒരു കുടുംബത്തെ തന്റെ തോളിൽ താങ്ങിവന്ന അച്ഛൻ അപ്രതീക്ഷിതമായി മരണപ്പെട്ടു. അദ്ദേഹത്തിന് മൂത്ത മകൻ കുടുംബ ഉത്തരവാദിത്തങ്ങൾ ഏറ്റു. അവൻ പഠനം പൂർത്തിയാക്കി നല്ല ജോലിയിലായിരുന്നതിനാൽ കുടുംബം തളർന്നില്ല.

ചില ദിവസങ്ങൾക്കു ശേഷം അച്ഛന്റെ ഡയറി വായിച്ചു കൊണ്ടിരിക്കുകയായിരുന്നു മകൻ. ആ ഡയറിയിൽ ഉണ്ടായിരുന്ന ഒരു കുറിപ്പ് അവനെ അത്ഭുതപ്പെടുത്തി. അതിൽ ഒരു സുഹൃത്തിന്റെ പേര് എഴുതിയിട്ടുണ്ടായിരുന്നു അച്ഛൻ, അദ്ദേഹത്തിന്റെ പക്കൽ നിന്ന് താൻ ഒരു ലക്ഷം രൂപ കടം വാങ്ങിയിട്ടുണ്ടെന്ന് അതിൽ എഴുതിയിട്ടുണ്ടായിരുന്നു. അദ്ദേഹം കടം വാങ്ങിയ വിവരം കുടുംബത്തിൽ ആർക്കും അറിയില്ല.

അച്ഛൻ മരിച്ചപ്പോഴും അതിനു ശേഷവും കടം നൽകിയ അച്ഛന്റെ ആ സുഹൃത്ത് വീട്ടിൽ വന്നിരുന്നു. കുടുംബ സുഹൃത്ത് ആയതിനാൽ അദ്ദേഹം ഇടയ്ക്കിടെ വീട്ടിൽ വരാറുണ്ടായിരുന്നു. പക്ഷേ, വരുമ്പോഴെല്ലാം ഇവനോടും മറ്റുള്ളവരോടും ക്ഷേമാന്വേഷണം നടത്തി പോകും. അച്ഛന് കൊടുത്തിരുന്ന കടത്തെക്കുറിച്ച് ഒരിക്കൽ പോലും സംസാരിച്ചിട്ടില്ല.

അത് അവനെ ആശ്ചര്യപ്പെടുത്തി. ഉടനേ തന്നെ അദ്ദേഹത്തിന്റെ വീട്ടിലേക്ക് അവൻ പോയി. അച്ഛൻ തന്റെ ഡയറിയിൽ എഴുതിവച്ചിരുന്നതിനെക്കുറിച്ച് അദ്ദേഹത്തോട് പറഞ്ഞു. 'അങ്കിൾ, താങ്കൾക്ക് ആ പണം എന്നോട് ചോദിച്ചിരുന്നിക്കാമല്ലേ' എന്ന് അവൻ പറഞ്ഞു.

അച്ഛന്റെ സുഹൃത്ത് ശാന്തമായി സംസാരിച്ചു. 'നിങ്ങളുടെ അച്ഛൻ എനിക്ക് പല സമയങ്ങളിൽ പണം നൽകി സഹായിച്ചിട്ടുണ്ട്. ഞാനും അദ്ദേഹത്തെ സഹായിച്ചിട്ടുണ്ട്. ഇത് ഞങ്ങൾക്കിടയിൽ എപ്പോഴും ഉണ്ട്. ഈ കൊടുക്കൽ വാങ്ങലുകൾ പ്രമാണത്തിൽ എഴുതി വയ്ക്കാറില്ല.

നിങ്ങളുടെ അച്ഛന് സുഖമില്ലാതായപ്പോൾ അത്യാവശ്യമായി പണം വേണമെന്ന് പറഞ്ഞു. നൽകി. അതിന് ഒരു തെളിവും എന്റെ പക്കൽ ഇല്ല. പെട്ടെന്ന് അദ്ദേഹം മരണപ്പെട്ടു. ഈ അവസ്ഥയിൽ, ഒരു തെളിവും ഇല്ലാതെ, 'നിന്റെ അച്ഛൻ എന്റെ പക്കൽ നിന്ന് കടം വാങ്ങിയിട്ടുണ്ട്' എന്ന് പറഞ്ഞ് അത് തിരികെ ചോദിക്കാൻ എന്റെ മനസ്സ് അനുവദിച്ചില്ല.

അതിനേക്കാൾ പ്രധാനപ്പെട്ട കാര്യം... കടം വാങ്ങുമ്പോഴേ 'ഇത് വീട്ടിൽ അറിയരുത്' എന്ന് പറഞ്ഞിരുന്നു. അദ്ദേഹം മരണപ്പെട്ടിരിക്കാം. എന്നിരുന്നാലും അദ്ദേഹം പറഞ്ഞ വാക്കിന് മര്യാദ നൽകുന്നതല്ലേ ന്യായം. 'വീട്ടിൽ അറിയരുത്' എന്ന് അദ്ദേഹം പറഞ്ഞ കാര്യം ഞാൻ എങ്ങനെ നിന്നോട് പറയും?' എന്ന് ചോദിച്ചു.

മകനാകട്ടെ, 'ഒരു തെളിവും ഇല്ലാതെ പോയാലും, എന്റെ അച്ഛൻ വാങ്ങിയ കടം തിരിച്ചു നൽകുന്നതാണ് അദ്ദേഹത്തിന്റെ മകന്റെ നല്ല അടയാളം' എന്ന് പറഞ്ഞ്, കൈവശം കരുതിയിരുന്ന പണം നൽകി. സുഹൃത്ത് സന്തോഷപ്പെട്ടു.

മനുഷ്യർക്ക് മതിപ്പ് നൽകുന്നതാണ്, നാം പൂർണതയോടെ ജീവിക്കുന്ന എന്നത് ബോധ്യപ്പെടുത്തുന്ന കാര്യം. നാം ഒരാൾക്ക് സഹായം ചെയ്യുകയാണെങ്കിൽ, ആ വ്യക്തി തിരികെ സഹായിക്കും എന്ന് പ്രതീക്ഷിക്കരുത്. ഒരാളെ സ്നേഹിക്കുകയാണെങ്കിൽ, ആ വ്യക്തിയിൽ നിന്ന് സ്നേഹം തിരികെ ലഭിക്കും എന്ന് ചിന്തിക്കരുത്. ആരെയെങ്കിലും നമ്മൾ സഹായിച്ചാൽ, വേറെ ആരെങ്കിലും ഒരാൾ നമ്മെ സഹായിക്കും. നാം ഒരാളെ സ്നേഹിച്ചാൽ, അപ്രതീക്ഷിതമായി മറ്റൊരിടത്തിൽ നിന്ന് നമുക്ക് സ്നേഹം ലഭിക്കും. ഈ ലോകം അത്തരത്തിലുള്ള ബന്ധച്ചങ്ങലയിലാണ് കോർത്തിണക്കിയിരിക്കുന്നത്.

നമ്മുടെ ജീവിതത്തിൽ കണ്ടുമുട്ടുന്ന മനുഷ്യർ മൂന്നു തരമാണ്. ചിലർ, ഒരു നിശ്ചിത കാലം മാത്രം നമ്മോടൊപ്പം ഉണ്ടായിരിക്കും. ചിലർ, നിശ്ചിത കാരണത്തിനായി മാത്രം നമ്മോടൊപ്പം ഉണ്ടായിരിക്കും. ചിലരോ, ജീവിതകാലം മുഴുവൻ കൂടെ ഉണ്ടായിരിക്കും. ഇത് മനസ്സിലാക്കിയാൽ ആശയക്കുഴപ്പം ഉണ്ടാകില്ല.

സ്കൂൾ അല്ലെങ്കിൽ കോളെജ് കാലത്ത് ചിലർ നമ്മോട് അടുത്തിടപഴകും. അവരോടൊപ്പം ചെലവഴിക്കുന്നതായിരിക്കും നമ്മുടെ സന്തോഷം. 'ഇവരെ കൂടാതെ എങ്ങനെ കഴിയും' എന്ന് സങ്കടപ്പെടും. പക്ഷേ കാലം ചെല്ലുന്തോറും അവരെ മറന്നു തന്നെ പോകാം. പുതിയ മനുഷ്യർ നമ്മുടെ ഓർമ്മകളെ കീഴടക്കിയിട്ടുണ്ടായിരിക്കും. ഇത് എല്ലാവർക്കും സംഭവിക്കുന്നത് സ്വാഭാവികമാണ്.

ചിലർ ചില കാരണങ്ങൾക്കായി നമ്മുടെ

ജീവിതത്തിൽ എത്തും. ഓരോ ഓഫീസിൽ പുതിയതായി ജോലിക്ക് ചേർന്നും പല കാര്യങ്ങളും ചെയ്യാൻ ബുദ്ധിമുട്ടും. ആരെങ്കിലും ഒരാൾ എത്തി നമ്മെ പഠിപ്പിക്കും. ഇങ്ങനെ ജീവിതം മുഴുവനും പല ഇടങ്ങളിൽ പലർ പാഠം നൽകും. 'തങ്ങൾ ഇത് ചെയ്യേണ്ട നിർബന്ധമില്ല' എന്നിരിക്കിലും മുന്നിട്ടിറങ്ങി ഇത് ചെയ്യുന്നവർ ഉണ്ട്. ബുദ്ധിമുട്ടിലായിരിക്കുമ്പോൾ കൈനൽകി കൂടെ കൂട്ടുന്നവർ ഉണ്ട്. ദുഃഖത്തിലായിരിക്കുമ്പോൾ താങ്ങായിരിക്കുന്നവർ ഉണ്ട്. ചിന്തിച്ചു നോക്കിയാൽ, ഇത് അവർ ചെയ്യേണ്ട ആവശ്യമേ ഉണ്ടായിരിക്കില്ല. എന്തെങ്കിലും കാരണം പറഞ്ഞ് ഒഴിവാകാം. എന്നിട്ടും അവർ നിങ്ങൾക്ക് കൂട്ടായി നിൽക്കും. ആരും ഇല്ലാത്ത ചുറ്റുപാടിൽ, ഇങ്ങനെ നിങ്ങളോടൊപ്പം ചേർന്നു നിൽക്കുന്നവരെ കാലം മുഴുവനും മറക്കരുത്.

ചില സുഹൃത്തുക്കളും ബന്ധുക്കളും ജീവിതകാലം മുഴുവനും നിങ്ങളോടൊപ്പം ഉണ്ടായിരിക്കും. എപ്പോഴും നിഴൽ പോലെ നിൽക്കുന്നവരെ അവഗണിക്കുന്നതാണല്ലോ മനുഷ്യ പ്രകൃതം. അങ്ങനെയാണ് പലരും ഉള്ളതും. മരുഭൂമിയിൽ പെയ്യുന്ന മഴ പോലെ ഉപാധികളില്ലാതെ സ്നേഹം നൽകും, തങ്ങളുടെ കരുതൽ കൊണ്ട് നിങ്ങളുടെ ജീവിതം പൂർണമാക്കുന്ന മനുഷ്യരെ അവഗണിക്കരുത്. അവരെ നിങ്ങൾ സ്നേഹിക്കുന്നുണ്ടെന്ന് എപ്പോഴും ബോധ്യപ്പെടുത്തണം. ●

അതിനാൽ ഉപയോഗപ്പെടുത്തണം

ഒരു യുവതിക്ക് പിറന്നാൾ സമ്മാനമായി വിലക്കൂടിയ ഒരു പേന ലഭിച്ചു. കോളെജിൽ അവളുടെ ക്ലാസിൽ ആരുടെ കൈവശവും അത്തരം പേന ഉണ്ടായിരുന്നില്ല. അതിനാൽ, അത് ഭദ്രമായിപെട്ടിയിൽപൂട്ടിവച്ചു.ദിവസവും കോളെജിൽ നിന്ന് വന്നതും അത് എടുത്ത് നോക്കും. ചില ദിവസങ്ങൾക്കു ശേഷം അതിനോടുള്ള താൽപര്യം കുറഞ്ഞു. അവധി ദിവസങ്ങളിൽ മാത്രം എടുത്തു നോക്കും. പിന്നീട് അത് മാസത്തിൽ ഒരിക്കലായി.

പൊതുപ്പരീക്ഷ എത്തി. പരീക്ഷ ആ പേന കൊണ്ട് എഴുതാൻ ആഗ്രഹിച്ചു. പെട്ടിയിൽ നിന്ന് അത് എടുത്ത് എഴുതി നോക്കി. നീണ്ട കാലം ഉപയോഗിക്കാതിരുന്നതിനാൽ പേനയിൽ മഷി കട്ടപടിച്ചിരുന്നു. എത്ര ശ്രമിച്ചിട്ടും എഴുതുന്നില്ല. വിലക്കൂടിയ ആ പേന അവൾക്ക് ഒടുവിൽ ഉപയോഗമില്ലാതെ പോയി.

എത്ര വിലക്കൂടിയ വസ്തുവായിരുന്നാലും, എത്ര മികവുറ്റ കഴിവ് ഉണ്ടായിരുന്നാലും ഉപയോഗപ്പെടുത്താതിരുന്നാൽ അത് പാഴാകും.

സന്തോഷത്തിന് കാരണമായിരിക്കണം

അമ്മ തന്റെ പഴ്സിൽ ടെൻഷനോടെ വീണ്ടും വീണ്ടും എന്തോ തേടുന്നു. 'എന്തു പറ്റി? എന്താ തേടുന്നത്?' എന്ന് അച്ഛൻ തിരക്കി. 'പഴ്സിൽ വച്ചിരുന്ന പണം കാണാനില്ല' എന്ന് പറഞ്ഞു അമ്മ. 'എത്ര ഉണ്ടായിരുന്നു?' എന്ന് അച്ഛൻ വീണ്ടും ചോദിച്ചപ്പോൾ, 'മൂവായിരം രൂപ. എല്ലാം 500 രൂപ നോട്ടുകളായിരുന്നു' എന്ന് സങ്കടത്തോടെ പറഞ്ഞു അമ്മ. 'ശരി, അത് ഇവിടെ എവിടെയെങ്കിലും തന്നെ ഉണ്ടാകും' തേടി നോക്കാം' എന്ന് പറഞ്ഞു അച്ഛൻ.

അമ്മ സങ്കടത്തോടെ അടുക്കളയിലേക്ക് പോയപ്പോൾ, അച്ഛൻ തേടാൻ ആരംഭിച്ചു. മിനിട്ടുകൾക്കു ശേഷം ടിവിക്ക് അരികിലുള്ള ഷെൽഫിൽ നിന്ന് ആറ് 500 രൂപ നോട്ടുകൾ എടുത്ത അച്ഛൻ, 'പണം ഇവിടെ ഉണ്ട്' എന്ന് പറഞ്ഞു. 'ഞാനത് മറന്നു. ഞാൻ തന്നെയാണ് അവിടെ വച്ചത്' എന്ന് പറഞ്ഞ് അത് വാങ്ങി അമ്മ. അമ്മയുടെ മുഖത്ത് സന്തോഷം.

വൈകുന്നേരം അച്ഛനോടൊപ്പം പുറത്തു പോയപ്പോൾ മകൻ ചോദിച്ചു, 'അച്ഛാ, താങ്കൾ പണം അവിടെ വച്ച ശേഷം, അമ്മയുടെ പണം തിരിച്ചു കിട്ടിയതായി പറഞ്ഞ് കൊടുത്തത് എന്തിനാണ്?' 'മോനേ, ഞാൻ ആ പണത്തേക്കാൾ അമ്മയെ കൂടുതൽ മതിക്കുന്നു. അവൾ വിഷമിക്കരുതെന്ന് കരുതിയാണ് അങ്ങനെ ചെയ്തത്' എന്ന് പറഞ്ഞു അച്ഛൻ.

അടുപ്പമുള്ളവരുടെ കണ്ണീർ തുടച്ച്, അവരുടെ സന്തോഷത്തിന് കാരണമായി മാറുന്നതാണ് യഥാർത്ഥ സ്നേഹം.

നിയമങ്ങൾ

- നമ്മുടെ പേഴ്സണാലിറ്റി എന്നത് മാറ്റാൻ കഴിയാത്ത ഒന്നല്ല. നാം വിചാരിച്ചാൽ അത് മികവുറ്റതാക്കി മാറ്റാം.
- മനസ്സ് പറയുന്ന പാതയിൽ പോകണം എന്ന് പലരും ഉപദേശിക്കും. പക്ഷേ മനസ്സ് പറയുന്നത് കേൾക്കണം. മസ്തിഷ്കം പറയുന്നതു പോലെ പ്രവർത്തിക്കണം.
- ദുശ്ശീലങ്ങൾക്ക് അടിമയാകരുത്. അവ താൽക്കാലിക സന്തോഷം നൽകുന്നതായിരിക്കാം. എന്നാൽ അവയിൽ നിന്ന് മുക്തിനേടുമ്പോൾ നിങ്ങളുടെ ജീവിതം മികവുറ്റതായി മാറും.
- ചുറ്റുപാടിനെയും മറ്റുള്ളവരെയും പരാതിപ്പെടുന്നത് അവസാനിപ്പിക്കണം. ആ പ്രശ്നങ്ങൾ മാറ്റാൻ നിങ്ങളാൽ കഴിയുന്നത്ര ചെയ്യണം.
- 'സോറി' പറയേണ്ട സന്ദർഭങ്ങൾ കുറച്ച് 'നന്ദി' പറയേണ്ട സന്ദർഭങ്ങൾ വർധിപ്പിക്കണം. ജീവിതം തെഴുക്കും.

അറിവാണ് ആയുധം

'എന്തു പഠിച്ചാൽ ജോലി ലഭിക്കും' എന്ന് നോക്കുന്നത് വിഷയാധിഷ്ഠിത വിദ്യാഭ്യാസം. ലോകത്തിൽ എന്തൊക്കെ മാറ്റങ്ങൾ സംഭവിക്കുന്നു എന്ന് നോക്കുന്നത് ജീവിത വിദ്യാഭ്യാസം. ഒരു കാലത്ത് കൃഷി ആയിരുന്നു ജീവനോപാധി. നാം ജീവിക്കുന്നത് ഡിജിറ്റൽ യുഗം. അറിവും വിവരങ്ങളുമാണ് ഇപ്പോൾ സ്വത്തു ക്കൾ. ഗൂഗിൾ, ആമസോൺ, മൈക്രോ സോഫ്റ്റ് എന്നിവയുമായി ബന്ധപ്പെട്ട സ്ഥാപന ങ്ങളാണ് മുൻനിരയിൽ. ഇപ്പോൾ അറിവി ല്ലായ്മയാണ് ഏറ്റവും വലിയ ദാരിദ്ര്യം. അറിയാം... പടർന്നു പന്തലിക്കാം. ●

നിരാകരിക്കുമ്പോൾ മതിപ്പ് ലഭിക്കും

ഉറക്കമേ ഇല്ലാതെ ബുദ്ധിമുട്ടി ഒരാൾ. രാത്രി മുഴുവനും തിരിഞ്ഞു മറിഞ്ഞും കിടന്ന് ബുദ്ധിമുട്ടി. അതിരാവിലെ വരെ ഒരു മിനിട്ട് പോലും അവന് ഉറങ്ങാൻ കഴിഞ്ഞില്ല. അടുത്ത ദിവസം മുഴുവനും ക്ഷീണിതനായി നടന്നു. ക്ഷീണം കൊണ്ട് അന്ന് എങ്ങനെയും ഉറങ്ങും എന്ന് വിശ്വസിച്ചു. പക്ഷേ, അന്നും ഉറക്കം വന്നില്ല. ഒരു ചികിത്സയും ഫലം നൽകിയില്ല. ഭയന്നു പോയി ഒരു സന്ന്യാസിയെ സമീപിച്ചു. പ്രശ്നം പറഞ്ഞു. 'ഇത് പ്രശ്നം അല്ല. സന്തോഷമുള്ള കാര്യമല്ലേ. നിനക്ക് അധ്വാനിക്കാൻ കൂടുതൽ സമയം ലഭിച്ചിരിക്കുകയാണ്' എന്ന് പറഞ്ഞു സന്ന്യാസി. അവൻ ആശയക്കുഴപ്പത്തോടെ സന്ന്യാസിയെ നോക്കി.

സന്ന്യാസി ചിരിച്ചു കൊണ്ട് അവനെ നോക്കി, 'ശരി, എനിക്ക് സത്യം ചെയ്ത് നൽകൂ, എത്ര ക്ഷീണം തോന്നിയാലും, രാത്രി 11 മണി മുതൽ അതിരാവിലെ 3 മണി വരെ ഉറങ്ങില്ല എന്ന്. 'ഞാൻ ഉറക്കം വരാതെ ബുദ്ധിമുട്ടുകയാണ്. ഞാൻ ഉറങ്ങരുതെന്നാണല്ലോ താങ്കൾ പറയുന്നത്' എന്ന് അവൻ ആശയക്കുഴപ്പത്തിലായി സത്യം ചെയ്തു നൽകി മടങ്ങി.

അന്ന് രാത്രി ക്ഷീണിച്ചാലും ഉറങ്ങരുതെന്ന നിശ്ചയത്തോടെ അവൻ കിടന്നു. പക്ഷേ എത്ര ശ്രമിച്ചിട്ടും നിയന്ത്രിക്കാൻ കഴിയാ ത്തത്ര ഉറക്കം വന്നു. രാവിലെ ഉത്സാഹത്തോടെ എഴുന്നേറ്റെങ്കിലും സന്ന്യാസിക്ക് നൽകിയ സത്യം പാലിക്കാൻ കഴിഞ്ഞില്ലല്ലോ എന്ന് വിഷമിച്ചു. സന്ന്യാസിയെ കണ്ട് സംഭവിച്ചത് പറഞ്ഞു.

'നിന്റെ രോഗം മാറ്റാനാണ് സത്യം വാങ്ങിയത്. എന്തും നിരാകരിക്കുമ്പോഴാണ് മതിപ്പ് വർധിക്കുന്നത്. നമുക്ക് എന്തെ ങ്കിലും ആവശ്യമുണ്ടോ? അത് തരില്ല എന്ന് ചിന്തിക്കുമ്പോൾ, മനസ്സ് നേടിയെടുക്കും' എന്ന് പറഞ്ഞു സന്ന്യാസി.

- സമയം ലഭിക്കുമ്പോൾ മാത്രം ക്ഷേമാന്വേഷണം നടത്താതെ, നമുക്കു വേണ്ടി സമയം മാറ്റിവച്ച് ക്ഷേമാന്വേഷണം നടത്തുന്ന ബന്ധം ലഭിക്കുന്നതും വരമാണ്,
- എന്തിലും കുറവുകൾ കാണുന്നവർക്ക് ആസ്വദിക്കാൻ അറിയില്ല. ആസ്വദിക്കാൻ ശീലിച്ചവർ ഒന്നിലും കുറവ് കാണില്ല.
- ജോലി, പ്രവൃത്തി, അധ്വാനം എന്നിങ്ങനെ ഏത് പരിശ്രമത്തിലും ഉടനടി പിൻവാങ്ങരുത്. ആരംഭിക്കും മുമ്പേ ഫലങ്ങളെക്കുറിച്ച് ദുഃഖിക്കരുത്.
- നിങ്ങളുടെ തെറ്റുകൾ മാത്രമല്ല നിങ്ങളുടെ അടയാളം. തെറ്റുകൾക്ക് നാണിക്കരുത്. അവയിൽ നിന്ന് പഠിക്കാതിരുന്നാൽ, ഖേദിക്കണം.
- നിങ്ങൾക്ക് ഒരു പ്രശ്നം പരിഹരിക്കാൻ കഴിയും എന്നിരിക്കുമ്പോൾ, അതിനെക്കുറിച്ച് എന്തിന് വേവലാതിപ്പെടണം?
- ഉപദേശം ആവശ്യപ്പെടുമ്പോഴാണ് ധാർഷ്ട്യം കണ്ണ് മറയ്ക്കുന്നത്. ശ്രദ്ധയോടെ ഇരിക്കണം.
- എന്ത് കൈമോശം വന്നു എന്നതല്ല പ്രധാനം. എന്ത് ശേഷിക്കുന്നു എന്നതാണ് പ്രധാനം.
- പരാജയവും ദുഃഖവും ഒറ്റയ്ക്ക് വരില്ല. കൂടെ കരുത്തും കൂട്ടിനുണ്ടായിരിക്കും.
- ഉയരങ്ങൾ എത്തിപ്പിടിക്കാൻ സഹായിക്കുന്ന സുഹൃത്ത് ഉള്ളത് മികവ്, കൂടുതൽ ഉയരങ്ങളിൽ നിന്ന് വീഴുമ്പോൾ താങ്ങാകുന്ന സുഹൃത്ത് അതിനേക്കാൾ മികവ്.
- മിതവ്യയം എന്നത് ഒരാൾ പണം എത്ര കുറവായി ചെലവഴിക്കുന്നു എന്നതിലല്ല. അത് അവൻ എത്ര ഉപയോഗപ്രദമായി ചെലവഴിക്കുന്ന എന്നതിലാണ് ഉള്ളത്.
- മനസ്സ് വിഷമിപ്പിക്കുന്ന പ്രശ്നങ്ങൾ ഉള്ളപ്പോൾ ഒന്നിനെക്കുറിച്ചും ദുഃഖിക്കാതെ ഉറങ്ങണം. ഉറക്കത്തേക്കാൾ മികച്ച പരിഹാരം ഒന്നുമില്ല.
- സന്തോഷമായിരിക്കുമ്പോൾ നിങ്ങൾക്ക് നല്ല തെളിച്ചമുണ്ടാകും. ദേഷ്യത്തിലായിരിക്കുമ്പോൾ തീരുമാനങ്ങൾ ഒന്നും എടുക്കരുത്. ഭയം കൊണ്ട് നിങ്ങളുടെ നല്ല ഭാവി നശിപ്പിക്കരുത്.
- നിങ്ങളുടെ മതിപ്പ് മറ്റാരെങ്കിലും നിർണയിക്കാൻ അനുവദിക്കരുത്. അത് തീരുമാനിക്കേണ്ടത് നിങ്ങളായിരിക്കണം.
- നിങ്ങൾക്കു മുന്നിലുള്ള അവസരങ്ങൾ അതിരില്ലാത്തതാണ്. വ്യത്യസ്തമായി ചിന്തിച്ച്, മറ്റൊരു വീക്ഷണ കോണിലൂടെ നിങ്ങൾക്ക് കാണാൻ കഴിഞ്ഞാൽ മാത്രമേ അത് ലഭിക്കൂ.
- നഷ്ടപ്പെടലിലും പരാജയത്തിലും നിങ്ങൾക്ക് വളർച്ചയ്ക്കുള്ള അവസരങ്ങൾ ലഭിക്കുന്നുണ്ടെന്ന് വിശ്വസിക്കണം.
- നിങ്ങൾ ഉയരത്തിലിരുന്നാൽ അസൂയപ്പെടുന്നവർ, താഴെ വീണാൽ കളിയാക്കും. അങ്ങനെയാണ് ചില മനുഷ്യർ. അവരെക്കുറിച്ചോർത്ത് വിഷമിക്കാതെ, പാതയിൽ മാത്രം ശ്രദ്ധിക്കണം.
- കരുതലുള്ള മനുഷ്യരുമായി ഉണ്ടാകുന്ന നല്ല സംഭാഷണങ്ങളാണ് മതിപ്പുറ്റ നിധി.
- ദൈവം എപ്പോഴും കഠിനമായ പോരാട്ടങ്ങൾ കരുത്തുറ്റ മനുഷ്യർക്ക് നൽകും. നിങ്ങളുടെ കരുത്തിൽ വിശ്വസിച്ച് അധ്വാനിക്കണം.

ജീവിത മൊഴികൾ

Owned, Published by K.R. NAGARAJAN, Published from 10, Sengunthapuram Mangalam Road, TIRUPUR - 641 604 &
Printed by B. ASHOK KUMAR at RATHNA OFFSET PRINTERS,
40, Peters Road, Royapettah, Chennai - 600 014. Editor : T.J. GNANAVEL



SUKRA® SUPER FINE COTTON VESTS | ROMEX® SUPERIOR BANIANS | RISE-UP® PREMIUM BANIANS | ACOSTE® LUXURY INNERWEARS | Breeze® Eye Let Vests | WinStripe® STRIPED BANIANS | ARCHERY® GYM VEST | COMPACT® PREMIUM COTTON RIB VESTS | LITTLE STARS® KIDS INNERWEARS

Available at Ramraj Showrooms and All Leading Textile Shops | Shop Online at www.ramrajcotton.in

Venma Monthly - Postal Registration No. TN/TRU/31/2024-26. Registered with the Registrar of Newspapers for India under No.TNMAL/2017/75251.
Day of Publishing: 01-03-2026. Posted at Tirupur BPC on 5th of every month.

RAMRAJ©

COTTON
DHOTIS • SHIRTS

STORE LOCATION

Available at Ramraj Showrooms And All Leading Textile Shops